പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

## അറുപതാമത് റിപ്പോർട്ട്

(2016 ഫെബ്രുവരി മാസം 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതി (2006-2008)യുടെ ഒൻപതാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2016

പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

**അറുപതാമത് റിപ്പോർട്ട്**

(2016 ഫെബ്രുവരി മാസം 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതി (2006-2008)യുടെ ഒൻപതാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺറിപ്പോർട്ട്]**

594/2016.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം : പ്രധാനപ്പെട്ട നിഗമനങ്ങൾ/ശുപാർശകൾ | .. | 42 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

## ഘടന

അദ്ധ്യക്ഷൻ :

ശ്രീ. വർക്കല കഹാർ

അംഗങ്ങൾ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

ശ്രീ. കെ. അച്ചുതൻ

ശ്രീ. എം. ചന്ദ്രൻ

ശ്രീ. കെ. കെ. ജയചന്ദ്രൻ

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. കെ. ശിവദാസൻ നായർ

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

ശ്രീ. ജി. സുധാകരൻ

ശ്രീ. എം. എ. വാഹിദ്.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2014-2016)യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം അറുപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സമിതി (2006-2008)യുടെ ഒൻപതാമത് റിപ്പോർട്ടിലെ ശിപാർശകളിൻമേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2016 ഫെബ്രുവരി 16-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

വർക്കല കഹാർ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2016 ഫെബ്രുവരി 24.

# റിപ്പോർട്ട്

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-2008)-യുടെ ഒൻപതാമത് റിപ്പോർട്ടിലെ (കൊല്ലം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ചത്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുൾപ്പെട്ടതാണ് ഈ റിപ്പോർട്ട്.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-2008)-യുടെ 9-ാമത് റിപ്പോർട്ട് (കൊല്ലം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച്) 2007 മാർച്ച് മാസം 21-ാം തീയതി സഭയിൽ സമർപ്പിച്ചു. റിപ്പോർട്ടിൽ ആകെ 51 ശിപാർശകളാണുള്ളത്. പ്രസ്തുത ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സമിതിയുടെ 10-11-2009, 20-8-2013, 27-8-2014, 14-1-2015 എന്നീ തീയതികളിലെ യോഗം പരിഗണിക്കുകയും തൃപ്തികരമല്ലാത്ത മറുപടികളിന്മേൽ അധികവിവരം ആരായുകയും ചെയ്തു.

റിപ്പോർട്ടിലെ ശിപാർശ ഖണ്ഡികകൾ, ലഭിച്ച മറുപടി, സമിതി ആവശ്യപ്പെട്ട അധികവിവരം, തുടർശിപാർശ എന്നിവ അദ്ധ്യായം I-ൽ ചേർത്തിരിക്കുന്നു. സമിതി ശിപാർശകൾക്ക് ലഭിച്ച മറുപടികളുടെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ തുടരേണ്ടതില്ല എന്ന് സമിതി തീരുമാനിച്ച ഖണ്ഡികകൾ അദ്ധ്യായം II-ൽ ചേർത്തിരിക്കുന്നു.

## അദ്ധ്യായം I

## സമിതിയുടെ ശിപാർശയും ശിപാർശയിന്മേലുള്ള സർക്കാരിന്റെ മറുപടിയും തുടർന്ന് സമിതി ആവശ്യപ്പെട്ട അധികവിവരവും അവയുടെ മറുപടിയും തുടർശിപാർശയും

### ഖണ്ഡിക 3, 13

### ശിപാർശകൾ

1.1.1 തൊടിയൂർ ഗ്രാമപഞ്ചായത്തിലെ മേൽപ്പറഞ്ഞ ഓഡിറ്റ് ഖണ്ഡികകളിന്മേലുള്ള വിജിലൻസ് അന്വേഷണത്തിന്റെ ഇപ്പോഴത്തെയവസ്ഥ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുന്നതിനും വിജിലൻസ് അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കി നിയമനടപടികൾ സ്വീകരിക്കുന്നതിനും വിജിലൻസിന് നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

1.1.2 തൊടിയൂർ പഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങളിന്മേൽ വിജിലൻസ് അന്വേഷണം നടക്കുന്നതിൽ നിന്നും തന്നെ പദ്ധതി നടത്തിപ്പിൽ സാരമായ ക്രമക്കേടുകൾ നടന്നിട്ടുണ്ടാകുമെന്നും വ്യക്തമാണ്. ആയതിനാൽ വിജിലൻസ്

അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

1.1.3 തൊടിയൂർ ഗ്രാമപഞ്ചായത്തിലെ ധനാപഹരണവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തിട്ടുള്ള വി.സി.4/04/കെ.എൽ.എം. നമ്പർ കേസിന്റെ അന്വേഷണം നടന്നുവരുന്നതായി വിജിലൻസ് ഡയറക്ടർ അറിയിച്ചിരുന്നു. എന്നാൽ ടി.വി.സി. 04/04/കെ.എൽ.എം. വിജിലൻസ് കേസ് 1997-98 കാലയളവിൽ മത്സ്യബന്ധന വകുപ്പ് ജനകീയ മത്സ്യ കൃഷിയുടെ ഭാഗമായി തൊടിയൂർ ഗ്രാമപഞ്ചായത്ത് അനുവദിച്ച 1,50,000 രൂപയുടെ ക്രമക്കേടുകളുമായി ബന്ധപ്പെട്ടതാണ്.

1.1.4 ഇതിന് നിയമസഭാ സമിതി പരാമർശിച്ചിട്ടുള്ള വിജിലൻസ് അന്വേഷണവുമായി യാതൊരു ബന്ധവുമില്ലെന്നും ബഹു. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ (2006-2008) 9-ാമത് റിപ്പോർട്ടിലെ 3, 13 ഖണ്ഡികയുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണമോ വിജിലൻസ് കേസോ വിജിലൻസ് ബ്യൂറോ നടത്തിയിട്ടില്ലെന്നും വിജിലൻസ് ഡയറക്ടർ പിന്നീട് അറിയിച്ചിട്ടുണ്ട്. ഇതിനെ തുടർന്ന് ഇക്കാര്യത്തിൽ തൊടിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണം തേടിയിരുന്നു. ലോക്കൽ ഫണ്ട് ജില്ലാ എക്സാമിനറുടെ 8-12-1998-ലെ എൽ.എഫ്.ക്യൂ.പി. 1292/99 നമ്പർ കത്ത് പ്രകാരമുള്ള ആഡിറ്റ് റിപ്പോർട്ടിലെ (1997-98) ഖണ്ഡിക III 9(ജെ)-യിൽ പരാമർശിച്ചിട്ടുള്ള ക്രമക്കേടുകൾ ഉൾപ്പെടെ വിജിലൻസ് അന്വേഷണത്തിന് ശിപാർശ ചെയ്തിട്ടുള്ളതിനാൽ ടി ക്രമക്കേടുകളും വിജിലൻസ് അന്വേഷണത്തിലാണെന്ന് കരുതിയാണ് ടി ഓഡിറ്റ് ശിപാർശയിൽ അന്വേഷണം നടന്നുവരുന്നു എന്ന് റിപ്പോർട്ട് ചെയ്തിരുന്നത് എന്ന് പഞ്ചായത്ത് സെക്രട്ടറി വിശദീകരിച്ചിട്ടുണ്ട്.

1.1.5 മേൽ സാഹചര്യത്തിൽ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ (2006-2008) 9-ാമത് റിപ്പോർട്ടിലെ 3, 13 ഖണ്ഡികയുമായി ബന്ധപ്പെട്ട് തൊടിയൂർ ഗ്രാമപഞ്ചായത്തിൽ വിജിലൻസ് അന്വേഷണമോ വിജിലൻസ് കേസോ വിജിലൻസ് ബ്യൂറോയിൽ നിലവിലില്ല.

<u>ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്</u>

1.1.6 തൊടിയൂർ ഗ്രാമപഞ്ചായത്തിന്റെ 1997-98 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 11 വിഷയങ്ങൾ വിജിലൻസ് അന്വേഷണത്തിന് വിട്ടിരുന്നതിൽ, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 9-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 3-9 (ജെ)-യിലെ കിണർ-കക്കൂസ് നിർമ്മാണം ക്രമവിരുദ്ധമായി 5 ലക്ഷം രൂപ നൽകിയത്- വിനിയോഗത്തിന് രേഖയില്ല എന്ന പരാമർശവും ഉൾപ്പെട്ടിരുന്നു.

1.1.7 മേൽപ്പറഞ്ഞ 11 വിഷയങ്ങളെ സംബന്ധിച്ചുള്ള വിജിലൻസ് പരിശോധനയ്ക്കായി പലഘട്ടങ്ങളിലായി തൊടിയൂർ ഗ്രാമപഞ്ചായത്തിൽ നിന്നും 1997-98 വർഷ കാലയളവിലെ രേഖകൾ വിജിലൻസ് കൈപ്പറ്റിയിട്ടുള്ളതായും, ആയവ തിരിച്ച് നൽകിയിട്ടുള്ളതായും കാണുന്നു. തൊടിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി കൊല്ലം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് 15-3-2004-ൽ അയച്ച എ 1-145/03-ാം നമ്പർ കത്ത് പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി വിജിലൻസ് വകുപ്പിന് നൽകിയ രേഖകളിൽ ഖണ്ഡിക 3(9) ജെ-യിൽ ഉൾപ്പെട്ട കിണർ, കല്ലുസ് നിർമ്മാണവുമായി ബന്ധപ്പെട്ട ഫയലുകളും ഉൾപ്പെട്ടിരുന്നുവെന്ന് കാണുന്നു. ഈ ഫയലുകളെല്ലാം തന്നെ ഗ്രാമപഞ്ചായത്തിന് വിജിലൻസ് വകുപ്പ് തിരിച്ച് നൽകിയതിന്റെ രേഖകളും ഉണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 28-7-2007-ലെ എ 1-604/07 നമ്പർ കത്ത് പ്രകാരവും 11-5-2009-ലെ എ 1-341/98 നമ്പർ കത്ത് പ്രകാരവും ഗ്രാമപഞ്ചായത്ത് സെക്രട്ടറി വിജിലൻസ് ഓഫീസിലേക്ക് മേൽ വിഷയങ്ങളിലെ കേസിന്റെ പുരോഗതി അറിയിക്കണമെന്ന് കത്ത് നല്കിയിരുന്നുവെങ്കിലും വിജിലൻസ് വകുപ്പിൽ നിന്നും മറുപടി ലഭിച്ച കാണുന്നില്ല.

1.1.8 ഗ്രാമപഞ്ചായത്ത് സെക്രട്ടറി 14-12-2004-ൽ എ 1-341/98 നമ്പരായി കൊല്ലം ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ സമർപ്പിച്ചിട്ടുള്ള ഓഡിറ്റ് റിപ്പോർട്ടിലെ മറുപടിയിലും ഓഡിറ്റ് ഖണ്ഡിക 51-ൽ പറയുന്ന വിഷയങ്ങളെല്ലാം തന്നെ വിജിലൻസ് അന്വേഷണത്തിൽ ഉൾപ്പെട്ടിട്ടുള്ളതാണെന്ന് പറയുന്നുമുണ്ട്.

1.1.9 15-12-2004-ലെ തൊടിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിയമസഭ സെക്രട്ടറിക്ക് അയച്ച എ 1-109/04-ാം നമ്പർ കത്തിലും ഖണ്ഡിക 3-9 (ജെ) ഉൾപ്പെടെയുള്ള ഖണ്ഡികകൾ വിജിലൻസ് അന്വേഷണത്തിലാണെന്ന് പറയുന്നു. എന്നാൽ 3-9-2009-ൽ തൊടിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി വിജിലൻസ് (ഡി) വകുപ്പിന് അയച്ച എ 1-4974/09 നമ്പരായുള്ള കത്തിൽ ഖണ്ഡിക 3-9 (ജെ) വിജിലൻസ് കേസിൽ ഉൾപ്പെട്ടിട്ടുള്ളതാണോ അല്ലയോ എന്ന് വ്യക്തമാക്കിയിട്ടില്ല.

1.1.10 ഖണ്ഡിക 3-9(ജെ)-യിലെ വിഷയങ്ങൾ ഉൾപ്പെടെയുള്ള ഫയലുകൾ ഗ്രാമപഞ്ചായത്തിൽ നിന്ന് വിജിലൻസ് കൈപ്പറ്റുകയും ആയവ പിന്നീട് തിരിച്ച് നൽകിയ രേഖകളുടെ അടിസ്ഥാനത്തിൽ ഈ കേസുകൾ വിജിലൻസിന്റെ പരിശോധനയിലായിരുന്നു എന്നു കരുതാവുന്നതാണ്. എന്നാൽ ഇത് സംബന്ധിച്ചുള്ള കേസ് വിജിലൻസ് വകുപ്പിൽ ഇപ്പോൾ നിലനിൽക്കുകയാണോ ഇല്ലയോ എന്നത് ഗ്രാമപഞ്ചായത്തിന്റെ രേഖകളിൽ നിന്ന് വ്യക്തമല്ലായെങ്കിലും ഖണ്ഡിക 3-9 (ജെ)-യിന്മേൽ വിജിലൻസ് കേസ് നിലവിലില്ല എന്ന് വിജിലൻസ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ലോക്കൽ ഫണ്ട് അക്കൗണ്ട്സ്

കമ്മിറ്റിയെ അറിയിച്ചതിന്റെ നടപടി റിപ്പോർട്ട് ലോക്കൽ ഫണ്ട് ഓഡിറ്റിനും ലഭിച്ചിട്ടുണ്ട്. ഈ ഖണ്ഡികയിന്മേൽ നടന്ന സൂക്ഷ്മപരിശോധനയിൽ വിജിലൻസ് കേസ് ഇപ്പോൾ നിലനിൽക്കുന്നുണ്ടോ ഇല്ലയോ എന്നുള്ള യാതൊരു വിവരവും ലഭ്യമല്ല.

തുടർശിപാർശ

**1.1.11 സമിതി റിപ്പോർട്ടിലെ ശിപാർശകൾക്ക് സർക്കാർ നല്കിയ മറുപടിയിൽ പരാമർശവിധേയമായ സംഗതികളിന്മേൽ വിജിലൻസ് അന്വേഷണം നിലനിൽക്കുന്നുണ്ടോ ഇല്ലയോ എന്ന് വ്യക്തമാകുന്നില്ല എന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ, ഇക്കാര്യത്തിൽ വിജിലൻസ് കേസ് നിലവിലുണ്ടോ എന്ന് പരിശോധിച്ച് കേസ് നിലവിലുണ്ടെങ്കിൽ അന്വേഷണം പൂർത്തിയാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുവാനും അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ മേൽനടപടി സ്വീകരിച്ച് റിപ്പോർട്ട് നല്കുവാനും സമിതി ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക 5

ശിപാർശ

1.2.1 അധികം തുക പിൻവലിച്ച ബന്ധപ്പെട്ട സെക്രട്ടറിയെ സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്യുകയും അച്ചടക്കനടപടി സ്വീകരിക്കുകയും ചെയ്തു എന്ന് സമിതിക്ക് രേഖാമൂലം മറുപടി ലഭ്യമാക്കിയെങ്കിലും അധികമായി പിൻവലിച്ച തുക തിരിച്ചടച്ചതുമായി ബന്ധപ്പെട്ട രേഖകളോ ഇതു സംബന്ധിച്ച വിശദാംശങ്ങളോ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഇക്കാര്യത്തിലുള്ള വിശദമായ റിപ്പോർട്ട് സമിതിക്കും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനും നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

1.2.2 ജനറൽ പി.ഡി. അക്കൗണ്ടിൽ നിന്നും അധികമായി പിൻവലിച്ച തുക 2,82,336 രൂപ ഗ്രാമപഞ്ചായത്തിലെ ഗവൺമെന്റിന്റെ പ്ലാൻ പി.ഡി. അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ആയത് സംബന്ധിച്ച രേഖകൾ വിജിലൻസ് ഏറ്റെടുത്തിരിക്കുകയാണ്. വിജിലൻസ് വകുപ്പിൽ നിന്നും ലഭിക്കുന്നമുറയ്ക്ക് അവ സമിതിക്കും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനും സമർപ്പിക്കുന്നതാണ്.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

1.2.3 പ്ലാൻ ഫണ്ടിൽ നിന്ന് അധികം പിൻവലിച്ച തുക തിരിച്ചടച്ചത് സംബന്ധിച്ച രേഖകൾ വിജിലൻസ് വകുപ്പിലായതിനാൽ പ്രാദേശിക പരിശോധനയ്ക്ക് വിധേയമാക്കാൻ കഴിഞ്ഞിട്ടില്ല.

<u>തുടർശിപാർശ</u>

**1.2.4 പ്ലാൻ ഫണ്ടിൽ നിന്നും പിൻവലിച്ച തുക തിരിച്ചടച്ചത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

<u>ഖണ്ഡിക 7</u>

<u>ശിപാർശ</u>

1.3.1 പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്റെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

1.3.2 സബ്സിഡി തുക നൽകുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയതനുസരിച്ചാണ് സെക്രട്ടറി തുക ചെലവഴിച്ചത്. ഇതിന് ജില്ലാ പ്ലാനിംഗ് ഓഫീസർ അനുമതി നൽകിയിട്ടുണ്ട്. അതിനുശേഷം കൃഷി ഓഫീസറാണ് കാർഷിക മേഖലയിലെ പദ്ധതികൾ നടപ്പിലാക്കിവന്നത്. കൃഷി ഓഫീസർ യഥാസമയം അക്കൗണ്ട് തുടങ്ങി നടപടി സ്വീകരിക്കാത്ത സാഹചര്യത്തിലാണ് ഗുണഭോക്താക്കൾക്ക് തുക ലഭിക്കുവാൻ വേണ്ടി സെക്രട്ടറി പ്രോജക്റ്റ് നിർവ്വഹണം നടത്തിയിട്ടുള്ളത്.

<u>ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്</u>

1.3.3 കാർഷിക പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായി സെക്രട്ടറിയെ അംഗീകരിച്ചുകൊണ്ടുള്ള ജില്ലാ ആസൂത്രണ സമിതിയുടെ ഉത്തരവ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

<u>തുടർശിപാർശ</u>

**1.3.4 കാർഷിക പദ്ധതിയുടെ നിർവ്വഹണോദ്യോഗസ്ഥൻ കൃഷി ഓഫീസറായിരിക്കേ പദ്ധതി നിർവ്വഹണം നടത്തിയത് പഞ്ചായത്ത് സെക്രട്ടറിയായിരുന്നുവെന്നും നിർവ്വഹണോദ്യോഗസ്ഥനെ മാറ്റിയതിന് അംഗീകാരം നല്കിയ ജില്ലാ ആസൂത്രണ സമിതിയുടെ ഉത്തരവ് ഓഡിറ്റിന് സമർപ്പിച്ചിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. പഞ്ചായത്ത് സെക്രട്ടറി പദ്ധതി നിർവ്വഹണം നടത്തിയത് നിയമപരമായിട്ടല്ലെന്ന് അഭിപ്രായപ്പെടുകയും മേലിൽ ഇത് ആവർത്തിക്കാതിരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു.**

## ഖണ്ഡിക 22, 23, 24, 25

### ശിപാർശകൾ

1.4.1 കരാറുകാരിൽ നിന്നും ഈടാക്കിയ ആദായ നികുതി അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയതിന് ഉത്തരവാദികൾ ശ്രീ. അബ്ദുൾ അസീസ്, ശ്രീ. സുരേന്ദ്രൻ എന്നീ സെക്രട്ടറിമാരായിരുന്നിട്ടും പ്രസ്തുത തുക അടയ്ക്കുകയും സർവ്വീസിലിരിക്കെ മരണമടയുകയും ചെയ്ത ശ്രീ. ശശിയായിരുന്നു തുക അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയത് എന്ന് സമിതിയെ തെറ്റിദ്ധരിപ്പിക്കുവാൻ ശ്രമിച്ച കൊട്ടാരക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. കെ. പി. സാബുക്കുട്ടൻ നായരിൽ നിന്നും വിശദീകരണം ആവശ്യപ്പെടാമെന്ന് പഞ്ചായത്ത് ഡയറക്ടർ സമിതിക്ക് ഉറപ്പ് നൽകിയിരുന്നെങ്കിലും ഇതിന്മേൽ ഇതുവരെയും തുടർനടപടികൾ സ്വീകരിച്ചതായി സമിതിക്ക് റിപ്പോർട്ട് ലഭിച്ചിട്ടില്ല. ആയതിനാൽ കൊട്ടാരക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. കെ. പി. സാബുക്കുട്ടൻ നായരിൽ നിന്നും വിശദീകരണവും ഇക്കാര്യത്തിൽ സമിതിക്ക് നൽകിയ ഉറപ്പ് പാലിക്കാതിരുന്നത് സംബന്ധിച്ച വിശദീകരണവും ഉൾപ്പെടെ വിശദമായ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

1.4.2 ആദായ നികുതി അടയ്ക്കുന്നതിൽ കാലതാമസം ഉണ്ടായതുമൂലം പഞ്ചായത്തിന് പിഴപ്പലിശയായി 38,011 രൂപ അടയ്ക്കേണ്ടിവന്നതിനാൽ അടയ്ക്കേണ്ടിവന്ന പ്രസ്തുത തുക 1991-92 മുതലുള്ള പിഴപ്പലിശ ഉൾപ്പെടെ ഉത്തരവാദികളായിരുന്ന ശ്രീ. അബ്ദുൾ അസീസ്, ശ്രീ. വി. സുരേന്ദ്രൻ എന്നീ മുൻ സെക്രട്ടറിമാരിൽ നിന്നും മൂന്ന് മാസത്തിനുള്ളിൽ ഈടാക്കി ബന്ധപ്പെട്ട രേഖകൾ സഹിതം സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കുവാനും ഇതിൽ വീഴ്ചവരുത്തിയാൽ ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർമാരിൽ നിന്നും വിശദീകരണം ആവശ്യപ്പെടുവാനും സമിതി നിർദ്ദേശിക്കുന്നു.

1.4.3 ഓഡിറ്റ് പരാമർശത്തിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിനും നിരീക്ഷിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ചുമതലപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർ കർത്തവ്യ നിർവ്വഹണത്തിൽ അക്ഷന്തവ്യമായ കാലതാമസവും കൃത്യവിലോപവും നടത്തിയതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഓഡിറ്റിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് കർശന നിർദ്ദേശം നൽകണമെന്നും വീഴ്ചവരുത്തുന്നവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

1.4.4 സമിതി നിർദ്ദേശ പ്രകാരം, പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഡയറക്ടർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊട്ടാരക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവർ സ്വീകരിച്ച നടപടികളുടെ വിശദമായ റിപ്പോർട്ടും അടിയന്തരമായി സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ടി വിഷയത്തിൽ കൊട്ടാരക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. കെ. പി. സാബുക്കുട്ടൻ നായർ വിശദീകരണം നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

1.4.5 1991-92, 1993-94, 1994-95 എന്നീ വർഷങ്ങളിൽ കൊട്ടാരക്കര ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ മരാമത്ത് പണികളുടെ ബിൽ തുകയിൽ നിന്നും ആദായ നികുതിയിനത്തിൽ കിഴിവുവരുത്തിയിരുന്ന തുകകൾ യഥാസമയം ഒടുക്കാത്ത കാരണത്താൽ ആദായ നികുതി വിഭാഗം ചുമത്തിയ പിഴപ്പലിശ തുകയായ 38,011 രൂപ 1997 ജൂൺ മാസം കൊട്ടാരക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. കെ. ശശിയാണ് ഒടുക്ക് വരുത്തിയത്. ഇതു സംബന്ധിച്ച് കൊട്ടാരക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. കെ. പി. സാബുക്കുട്ടൻ നായർ ബഹു.ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ ആദായ നികുതി യഥാസമയം ഒടുക്കുന്നതിന് വീഴ്ചവരുത്തിയിരുന്നത് 1991-92, 1993-94, 1994-95 എന്നീ കാലയളവിൽ സെക്രട്ടറിമാരായിരുന്ന ശ്രീ. അബ്ദുൾ അസീസ്, ശ്രീ. വി. സുരേന്ദ്രൻ എന്നിവരും പിഴപ്പലിശ ഒടുക്കിയത് സർവ്വീസിലിരിക്കെ മരണമടഞ്ഞ സെക്രട്ടറി ശ്രീ. കെ. ശശിയുമായിരുന്നു എന്ന് വ്യക്തമാക്കിയിരുന്നു. ശ്രീ. അബ്ദുൾ അസീസിനും ശ്രീ. വി. സുരേന്ദ്രനും എതിരായി ടി തുക ഒടുക്കാത്ത കാരണത്താൽ ബഹു. ജില്ലാ കളക്ടർ മുഖേന റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുകയും ടി കാലയളവിൽ സെക്രട്ടറിയുടെ അധിക ചുമതല വഹിച്ച ശ്രീ. ഗോപാലകൃഷ്ണപിള്ളയിൽ നിന്നും 923 രൂപ ഗ്രാമപഞ്ചായത്തിന്റെ 13279/17 നമ്പർ രസീത് പ്രകാരം വസൂലാക്കിയിട്ടുണ്ട്. പിഴപ്പലിശ ഒടുക്കിയതിന് കാരണക്കാരായ സെക്രട്ടറിമാരിൽ നിന്നും തുക വസൂലാക്കാൻ ശ്രീ. കെ. പി. സാബുക്കുട്ടൻ നായർ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ടിയാന്റെ ഭാഗത്തു നിന്നും മനഃപൂർവ്വമല്ലാതെ ബഹു. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയെ തെറ്റിദ്ധരിപ്പിക്കുന്ന തരത്തിലുടെ പരാമർശം എന്തെങ്കിലും ഉണ്ടായിട്ടുണ്ടെങ്കിൽ ആയത് മാപ്പാക്കുന്നതിനും ടിയാൻ അപേക്ഷിച്ചിട്ടുണ്ട്.

1.4.6 ആദായ നികുതി അടയ്ക്കുന്നതിന് കാലതാമസം വരുത്തിയ സെക്രട്ടറിമാർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് കൊട്ടാരക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയതനുസരിച്ച് 1991-92, 1993-94, 1994-95 കാലയളവിൽ സെക്രട്ടറിയായിരുന്ന ശ്രീ. അബ്ദുൾ അസീസിനെതിരെ 26,315 രൂപയുടെയും ശ്രീ. വി. സുരേന്ദ്രനെതിരെ 10,825 രൂപയുടെയും റവന്യൂ റിക്കവറി നടപടിക്ക് കൊട്ടാരക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി 30-7-2007-ൽ കൊല്ലം ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ടി കാലയളവിൽ സെക്രട്ടറിയുടെ അധിക ചുമതല വഹിച്ചിരുന്ന ശ്രീ. എം. ഗോപാലകൃഷ്ണപിള്ളയിൽ നിന്നും 923 രൂപയും വസൂലാക്കിയിട്ടുണ്ട്.

1.4.7 പഞ്ചായത്ത് ഡയറക്ടറുടെ 18-1-2007-ലെ HI-13880/06 നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

1.4.8 ടി ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് അടിയന്തരമായി തുടർ നടപടി സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യാൻ കൊല്ലം ഡി.ഡി.പി.ക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ഡി.ഡി.പി. തുടർനടപടി സ്വീകരിച്ച് ഡി.ഡി.പി.യുടെ നിർദ്ദേശാനുസരണം ആദായ നികുതി അടയ്ക്കുന്നതിന് കാലതാമസം വരുത്തിയ സെക്രട്ടറിമാർക്കെതിരെ കൊട്ടാരക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടപടി സ്വീകരിച്ചിട്ടുണ്ട്. കൊട്ടാരക്കര ഗ്രാമപഞ്ചായത്തിൽ 1991-92, 1993-94, 1994-95 കാലയളവിൽ സെക്രട്ടറിയായിരുന്ന ശ്രീ. അബ്ദുൾ അസീസിനെതിരെ 26,315 രൂപയുടേയും ശ്രീ. വി.സുരേന്ദ്രനെതിരെ 10,825 രൂപയുടെയും റവന്യൂ റിക്കവറി നടപടികൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടപടി സ്വീകരിച്ചിട്ടുണ്ട്. ടി കാലയളവിൽ സെക്രട്ടറിയുടെ അധിക ചുമതല വഹിച്ചിരുന്ന ജൂനിയർ സൂപ്രണ്ട് ശ്രീ. എം. ഗോപാലകൃഷ്ണപിള്ളയിൽ നിന്നും 923 രൂപ വസൂലാക്കുകയും ചെയ്തിട്ടുണ്ട് എന്ന വിവരം റിപ്പോർട്ട് ചെയ്യുകൊള്ളുന്നു.

<u>ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്</u>

1.4.9 കൊട്ടാരക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. ബാബുക്കുട്ടൻ നായരിൽ നിന്ന് വിശദീകരണം തേടിയതിന്റെ അടിസ്ഥാനത്തിൽ സഭാസമിതിക്ക് നൽകിയ റിപ്പോർട്ട് വസ്തുതാപരമാണെന്ന് പ്രാദേശിക പരിശോധനയിൽ വ്യക്തമായി. ആദായ നികുതി ഇനത്തിൽ കിഴിവുവരുത്തിയ തുകകൾ യഥാസമയം ഒടുക്കാതിരുന്ന കാരണത്താൽ പലിശയിനത്തിൽ ഒടുക്കേണ്ടിവന്ന 38,011 രൂപ 1991-92, 1992-93, 1993-94 വർഷങ്ങളിലേതാണ്. ഇതിൽ 923 രൂപ സെക്രട്ടറിയുടെ അധിക ചുമതലുണ്ടായിരുന്ന ജൂനിയർ സൂപ്രണ്ട് ശ്രീ. ഗോപാലകൃഷ്ണപിള്ളയിൽ നിന്ന് ഈടാക്കിയിട്ടുണ്ട്. ഈ കാലയളവിൽ സെക്രട്ടറിമാരായിരുന്ന ശ്രീ. അബ്ദുൾ അസീസിൽ നിന്ന് 26,315 രൂപയും ശ്രീ. വി. സുരേന്ദ്രനിൽ നിന്ന് 10,825 രൂപയും റവന്യൂ റിക്കവറി വഴി ഈടാക്കുന്നതിന് 30-7-2007-ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി കൊല്ലം ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയതായി കാണുന്നു. എന്നാൽ നാളിതുവരെ തുക ഈടാക്കിയതായി കാണുന്നില്ല.

<u>തുടർശിപാർശ</u>

**1.4.10 പ്രസ്തുത ഖണ്ഡികകളിലെ ശിപാർശപ്രകാരം ഈടാക്കുവാൻ അവശേഷിക്കുന്ന തുക കൂടി ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക 31

ശിപാർശ

1.5.1 ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ പുനഃപരിശോധന റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള മേല്പറഞ്ഞ പിഴവുകൾ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

1.5.2 സമിതിയുടെ നിർദ്ദേശാനുസരണം കൊല്ലം ഡി.ഡി.പി. വിശദമായ അന്വേഷണം നടത്തിയിട്ടുണ്ട്. റിപ്പോർട്ടിൽ പരാമർശിച്ചിരുന്ന ആവിയോട്-മുളയറ ഏലാ റോഡിന്റെ (ഗുണഭോക്തൃ സമിതി) എസ്റ്റിമേറ്റ് 2,50,000 രൂപയായിരുന്നു. ഇതിൽ മെഷർമെന്റ് ബുക്ക് പ്രകാരം ടി പ്രവൃത്തിയുടെ മൂല്യമായ 2,20,635 രൂപ കൺവീനർക്ക് നൽകിയിട്ടുണ്ട്. ഇതിൽ 9,658 രൂപ ഗുണഭോക്തൃ വിഹിതമാണ്. പണി പൂർത്തീകരിച്ചപ്പോൾ ഗുണഭോക്തൃ വിഹിതമായോ സന്നദ്ധസേവനമായോ യാതൊരു തുകയും ലഭിച്ചിട്ടില്ല എന്ന കൺവീനറുടെ കത്തിന്റെ അടിസ്ഥാനത്തിൽ 5-12-2000-ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റിയുടെ III (13)-ാം നമ്പർ തീരുമാനപ്രകാരം പദ്ധതിയിൽ നിന്നും ടി ഗുണഭോക്തൃ വിഹിതം ഒഴിവാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് മുഴുവൻ തുകയും നൽകിയിട്ടുള്ളത്. ടി പ്രവൃത്തിയുടെ ബില്ലിൽ നിർമ്മാണസാമഗ്രികളുടെ വിലയായി 35,125 രൂപയുടെ വൗച്ചറുകൾ ഉണ്ടായിരുന്നെങ്കിലും ടി തുക നൽകിയിട്ടില്ല.

1.5.3 ആയുർവേദാശുപത്രി കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഫ്ളോറിംഗ്, വൈറ്റ് വാഷ്, പെയിന്റിംഗ് എന്നിവ കൂടി ഉൾപ്പെടുത്തുന്നതിന് വേണ്ടി 19-6-2003-ലെ III (3)-ാം നമ്പർ തീരുമാനപ്രകാരം ടി പ്രവൃത്തികൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താൻ തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റിന്റെ 10%-ൽ അധികരിക്കാത്ത തുക കൂടി ഉൾപ്പെടുത്തി ബിൽ നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തു. എന്നാൽ 5%-ൽ അധികരിക്കാത്ത തുക മാത്രമാണ് കൺവീനർക്ക് നൽകിയിട്ടുള്ളത്. 2-6-2001-ലെ 149/01/LSGD ഉത്തരവ് പ്രകാരം കെട്ടിട നിർമ്മാണ പ്രവൃത്തികൾക്ക് 10% വരെ എക്സസ് തുക അനുവദിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ പഞ്ചായത്തിന് നഷ്ടം ഉണ്ടായിട്ടില്ല. ടി പ്രവൃത്തികൾ നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്.

1.5.4 പ്രസ്തുത വർക്കിന്റെ ഫയലിൽ കാണുന്ന 25-6-1998-ലെ 26,857 രൂപയുടെ വൗച്ചർ ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ടതല്ല. ആയത് നിലവിലുള്ള ആയുർവേദാശുപത്രി കെട്ടിടത്തിന്റെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി പ്ലംബിംഗ് സാധനങ്ങളും വാട്ടർടാങ്കും വാങ്ങിയതിന്റേതാണ്. ആയത് തെറ്റായി ഫയൽ ചെയ്തതാണ്.

നികുതികൾക്കും മറ്റുമായി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന 14,963 രൂപ പ്രത്യേകമായി എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടുള്ളതിനാൽ ടി തുക കഴിച്ചാണ് 1,65,037 രൂപ കൺവീനർക്ക് നൽകിയിട്ടുണ്ട്.

1.5.5 ടി സാഹചര്യം കണക്കിലെടുത്ത് ആവിയോട്-മുളയറ ഏറാ റോഡ്, ആയുർവേദാശുപത്രി കെട്ടിടനിർമ്മാണം എന്നീ പ്രവൃത്തികൾ തുടർനടപടിയിൽ നിന്നും ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.

1.5.6 കൊട്ടാരക്കര ഗ്രാമപഞ്ചായത്ത് 7-ാം വാർഡിൽ സസ്യമാർക്കറ്റ് ചുറ്റുമതിൽ നിർമ്മാണത്തിന് കൺവീനർക്ക് മുൻകൂറായി ഒരു ലക്ഷം രൂപ നൽകിയിരുന്നു. കൊല്ലം ഡി.ഡി.പി. അന്വേഷണം നടത്തിയതിൽ ടി പ്രവൃത്തി പൂർത്തീകരിച്ച് ബിൽ പ്രകാരം തുക നൽകിയിട്ടുള്ള സാഹചര്യത്തിൽ ടി പരാമർശത്തിന്മേലുള്ള നടപടി ഒഴിവാക്കണമെന്ന് ശിപാർശ ചെയ്യുന്നു.

<u>ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്</u>

1.5.7 ആവിയോട്-മുളവന ഏലാ റോഡ് നിർമ്മാണത്തിൽ അധികം നൽകിയ 9,658 രൂപ ഗുണഭോക്തൃ വിഹിതമാണെന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ വിശദീകരണത്തിലെ വാദം അംഗീകരിക്കാവുന്നതല്ല. പണി പൂർത്തീകരിച്ചപ്പോൾ ഗുണഭോക്തൃ വിഹിതമായോ സന്നദ്ധസേവനമായോ യാതൊരു തുകയും വഹിച്ചിട്ടില്ല എന്നും കൺവീനറുടെ കത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് കമ്മിറ്റി 5-12-2000-ലെ III-13-ാം നമ്പർ തീരുമാനപ്രകാരം പദ്ധതിയിൽ നിന്ന് ഗുണഭോക്തൃ വിഹിതം ഒഴിവാക്കിയെന്നും ഇതിന്റെ അടിസ്ഥാനത്തിലാണ് മുഴുവൻ തുകയും നൽകിയതെന്നുമാണ് ഡി.ഡി.പി.യുടെ വിശദീകരണം.

എന്നാൽ എം. ബുക്കിലും ഫൈനൽ ബില്ലിലും വർക്ക് മൂല്യത്തിൽ നിന്ന് ഗുണഭോക്തൃ വിഹിതമായി 25,000 രൂപ കുറച്ചിട്ടുണ്ട് എന്ന് പ്രാദേശിക പരിശോധനയിൽ വ്യക്തമായി. ആയതിനാൽ ഗുണഭോക്തൃ വിഹിതം ലഭിച്ചിട്ടില്ല എന്ന വാദം അംഗീകരിക്കാവുന്നത് അല്ല. എസ്റ്റിമേറ്റ് തുകയായ 2,35,977 രൂപയിൽ പരിമിതപ്പെടുത്താതെ വർക്ക് മൂല്യമായ 2,46,885 രൂപ നൽകിയതാണ് 9,658 രൂപ അധികം നൽകാൻ ഇടയാക്കിയതെന്നും പ്രാദേശിക പരിശോധനയിൽ വ്യക്തമായി.

1.5.8 ഈ പ്രവൃത്തിയുടെ ഫയലിൽ നിർമ്മാണസാമഗ്രികളുടെ വിലയായി 35,125 രൂപയുടെ വൗച്ചറുകൾ ഉണ്ടായിരുന്നെങ്കിലും ടി തുക നൽകിയതായി കാണുന്നില്ല. വാങ്ങിയ നിർമ്മാണ സാധനങ്ങളുടെ സ്റ്റോക്ക് വിവരവും ലഭ്യമല്ല.

## ആയുർവേദ ആശുപത്രി കെട്ടിട നിർമ്മാണം

1.5.9 2-6-2001-ലെ 149/01 എൽ.എസ്.ജി.ഡി. ഉത്തരവുപ്രകാരം കെട്ടിട നിർമ്മാണ പ്രവൃത്തികൾക്ക് 10% വരെ എക്സസ് തുക അനുവദിക്കാൻ വ്യവസ്ഥയുണ്ടെന്നാണ് ആയുർവേദ ആശുപത്രി കെട്ടിട നിർമ്മാണത്തിന് 8,252 രൂപ അധികം നൽകി എന്നതു സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന് ഡി.ഡി.പി.യുടെ വിശദീകരണം.

1.5.10 എന്നാൽ 2000-01-ൽ എടുത്ത എസ്റ്റിമേറ്റിന് 2-6-2001-ലെ സർക്കാർ ഉത്തരവ് ബാധകമാക്കിയതായി കാണുന്നില്ല. മാത്രവുമല്ല കമ്മിറ്റി തീരുമാനപ്രകാരം ചെയ്ത അധികവർക്കിന് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുമില്ല. കൂടാതെ എസ്റ്റിമേറ്റും പ്രോജക്ടും അംഗീകരിക്കുന്നതിനുമുമ്പ് മുൻകൂർ നൽകിയെന്ന ഓഡിറ്റ് പരാമർശത്തിന് മറുപടിയും ലഭ്യമാക്കിയിട്ടില്ല.

1.5.11 25-6-1998-ലെ 26,857 രൂപയുടെ വൗച്ചർ മേൽപ്രവൃത്തിയുമായി ബന്ധപ്പെട്ടതല്ല എന്ന ഡി.ഡി.പി.യുടെ വിശദീകരണം പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടു.

1.5.12 14,963 രൂപ മേൽപ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ നികുതികൾക്കും മറ്റുമായി വകയിരുത്തുകയും ആയത് ബില്ലിൽ കുറവുചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ തുക സർക്കാരിലേക്ക് ഒടുക്കിയതായി കാണുന്നില്ല. 7-ാം വാർഡിൽ സസ്യമാർക്കറ്റ് ചുറ്റുമതിൽ നിർമ്മാണം എന്ന പ്രവൃത്തി 29-4-2002-ൽ പൂർത്തിയാക്കിയിട്ടുള്ളതാണ്.

## തുടർശിപാർശ

**1.5.13 പ്രവൃത്തികളുമായി ബന്ധപ്പെട്ട പഞ്ചായത്ത് കമ്മിറ്റി തീരുമാനവും പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച രേഖകളും ഓഡിറ്റിന് ഹാജരാക്കി ബോധ്യപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

## ഖണ്ഡിക 41

## ശിപാർശ

1.6.1 പ്രസ്തുത പരാമർശവുമായി ബന്ധപ്പെട്ട ഫയലുകൾ വിശദമായി പരിശോധിച്ച് റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ ലഭ്യമാക്കണമെന്ന് സമിതി അന്നത്തെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി പി. വി. എലിസബത്തിന് നിർദ്ദേശം നൽകിയിരുന്നിട്ടും ആയത് ഇതുവരെയും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഇതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനും പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്റെയിപ്പോഴത്തെ അവസ്ഥ സംബന്ധിച്ചുള്ള വിശദമായ റിപ്പോർട്ടും ലഭ്യമാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ ലഭ്യമാക്കിയ മറുപടി</u>

1.6.2 കെട്ടിട നികുതി സംബന്ധിച്ച് പരാമർശവുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ റിവിഷൻ അപ്പീൽ പെറ്റീഷനുകൾക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പഞ്ചായത്ത് കമ്മിറ്റിയും എടുത്ത തീരുമാനങ്ങൾക്ക് അനുസൃതമായിട്ടാണ് ബന്ധപ്പെട്ട കെട്ടിട നികുതി പുനർനിർണ്ണയം നടത്തിയിട്ടുള്ളത് എന്ന് കാണുന്നു. ടി ഫയലുകളും തീരുമാനം അടങ്ങിയ മിനിറ്റ്സ് ബുക്കും കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്.

<u>ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്</u>

1.6.3 പഞ്ചായത്ത്/സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനങ്ങളുടെ പകർപ്പ് പരിശോധനക്ക് ഹാജരാക്കിയിട്ടുണ്ടെങ്കിലും ഇതുമായി ബന്ധപ്പെട്ട റിവിഷൻ/അപ്പീൽ പെറ്റീഷനുകൾ ഹാജരാക്കിയിട്ടില്ല. നികുതി പൂർണ്ണമായും അടയ്ക്കുന്നതിനുമുൻപ് നികുതി കുറവുചെയ്തുകൊടുത്തതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

<u>തുടർശിപാർശ</u>

**1.6.4 കെട്ടിട നികുതി പൂർണ്ണമായും അടയ്ക്കുന്നതിനുമുമ്പ് നികുതി കുറവുചെയ്തുകൊടുത്തതിന്റെ വിശദീകരണം ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.**

<u>ഖണ്ഡിക 45, 46</u>

<u>ശിപാർശകൾ</u>

1.7.1 ഓഡിറ്റ് പരാമർശങ്ങളുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കുന്നതിൽ പഞ്ചായത്തുകൾ അക്ഷന്തവ്യമായ കാലതാമസം വരുത്തുന്നുണ്ടെന്നും ഓഡിറ്റിന് മറുപടി നല്കുന്നതിലെ പുരോഗതി വിലയിരുത്തുകയും വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യേണ്ട പഞ്ചായത്ത് ഭരണ വകുപ്പും ഇക്കാര്യത്തിൽ ഗുരുതരമായ വീഴ്ച വരുത്തുന്നതായി സമിതി മനസ്സിലാക്കുന്നു. സമിതി നിർദ്ദേശിക്കുന്ന തുടർ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ആവശ്യപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾക്കുപോലും സമയബന്ധിതമായി റിപ്പോർട്ട് ലഭ്യമാക്കാത്തത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വമില്ലായ്മയാണെന്നും സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ സമിതി നിർദ്ദേശപ്രകാരം റിപ്പോർട്ട് ലഭ്യമാക്കുവാൻ കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ഭരണ വകുപ്പ് വകുപ്പുതല നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

1.7.2 പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ചുമുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

1.7.3 തൊഴിൽ നികുതി സംബന്ധിച്ച പരാമർശവുമായി ബന്ധപ്പെട്ട ഫയലുകളും ഇപ്പോഴത്തെ അവസ്ഥ പരിശോധിച്ചതിൽ കുടിശ്ശികയിനത്തിൽ ലഭിക്കേണ്ടിയിരുന്ന തുകയിൽ നിയമപരമായി ഈടാക്കാൻ സാധിക്കാത്ത തുക 13-11-2003-ലെ III (9)-ാം നമ്പർ തീരുമാനപ്രകാരം കമ്മിറ്റി എഴുതിത്തള്ളുകയും ബാക്കിയുള്ള തുകയുടെ 95%ത്തിൽ അധികം തുക പിരിച്ചെടുക്കുകയും ചെയ്തതായി കാണുന്നു.

<u>ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്</u>

1.7.4 കമ്മിറ്റി തീരുമാനപ്രകാരം 1994-95 ഒന്നാം അർദ്ധവർഷം മുതൽ 1999-2000 രണ്ടാം അർദ്ധവർഷം വരെയുള്ള തൊഴിൽ നികുതി കുടിശ്ശിക ഇനത്തിൽ ജീവനക്കാർ ഒടുക്കേണ്ട 5,99,897 രൂപ എഴുതിത്തള്ളുന്നതിന് തീരുമാനിച്ചു എന്നാണ് കാണുന്നത്. എന്നാൽ ഇതിൽ 1997-98 വർഷത്തിൽ എത്ര തുകയാണ് എഴുതിത്തള്ളിയതെന്നോ ബാക്കി എത്ര തുക തുടർ വർഷങ്ങളിൽ പിരിച്ചെടുത്തു എന്നുള്ളതിനോ വ്യക്തമായ കണക്കുകളില്ല. മറുപടി പ്രകാരം 95% തുക പിരിച്ചെടുത്തതു സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. നികുതികൾ സമയബന്ധിതമായി പിരിച്ചെടുക്കാതെ വർഷങ്ങൾ കഴിഞ്ഞതിനുശേഷം എഴുതിത്തള്ളിയ നടപടി നിയമാനുസൃതമല്ല. നഷ്ടത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല.

<u>തുടർശിപാർശ</u>

**1.7.5 നികുതികൾ സമയബന്ധിതമായി പിരിച്ചെടുക്കാതെ വർഷങ്ങൾക്കുശേഷം നികുതി എഴുതിത്തള്ളിയ നടപടി നിയമാനുസൃതമല്ലെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ നഷ്ടത്തിനുത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നിയമനടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

<u>ഖണ്ഡിക 125</u>

<u>ശിപാർശ</u>

1.8.1 മെതിയന്ത്രം പ്രവർത്തനക്ഷമമാണോ എന്നും പാടശേഖര സമിതിക്ക് ഇത് കൈമാറിയതു സംബന്ധിച്ചുള്ള വിശദമായ റിപ്പോർട്ടും ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

1.8.2 കുലശേഖരപുരം ഗ്രാമപഞ്ചായത്ത് കൃഷിഭവനിലെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം മെതിയന്ത്രം പാടശേഖര സമിതി പ്രസിഡന്റും സെക്രട്ടറിയും ചേർന്ന് കൈപ്പറ്റിയിട്ടുണ്ട്. കൂടാതെ തഴവയൽ പാടശേഖര സമിതിയുമായി നേരിട്ട് ബന്ധപ്പെട്ട് പരിശോധന നടത്തിയതിൽ ടി മെതിയന്ത്രം ഇപ്പോഴും കാര്യക്ഷമമായി പ്രവർത്തിക്കുന്നതായും ആയത് ഇപ്പോഴും ഉപയോഗിച്ചുവരികയാണെന്നും ബോധിപ്പിച്ചുകൊള്ളുന്നു.

<u>ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്</u>

1.8.3 പ്രാദേശിക പരിശോധനയിൽ മെതിയന്ത്രവുമായി ബന്ധപ്പെട്ട ഫയലും രേഖകളും ഹാജരാക്കിയില്ല. ആയതിനാൽ മെതിയന്ത്രം പാടശേഖര സമിതിക്ക് കൈമാറിയോ എന്ന് വ്യക്തമല്ല.

<u>തുടർശിപാർശ</u>

**1.8.4 പരാമർശവിധേയമായ മെതിയന്ത്രവുമായി ബന്ധപ്പെട്ട ഫയലും രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ലെന്നും ആയതിനാൽ മെതിയന്ത്രം പാടശേഖര സമിതിക്ക് കൈമാറിയോ എന്ന് വ്യക്തമല്ലെന്നും സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ പ്രസ്തുത ഫയലും രേഖകളും ഓഡിറ്റിന് ഹാജരാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

<u>ഖണ്ഡിക 126</u>

<u>ശിപാർശ</u>

1.9.1 സമിതി നിർദ്ദേശമനുസരിച്ചുള്ള നടപടി നാളിതുവരെ സ്വീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ബന്ധപ്പെട്ട പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറും പഞ്ചായത്ത് സെക്രട്ടറിയും ഗുരുതരമായ കൃത്യവിലോപമാണ് നടത്തിയിരിക്കുന്നതെന്നും ആയതിനാൽ ഇവർക്കെതിരെ വകുപ്പുതല അച്ചടക്കനടപടി സ്വീകരിച്ച് അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

1.9.2 പരാമർശത്തിന് ഉത്തരവാദി കൊല്ലം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറായിരുന്ന ശ്രീമതി ഇ. വി. സുപ്രഭാദേവിയാണ്. ടിയാൾ സർവ്വീസിൽനിന്നും വിരമിച്ച സാഹചര്യത്തിൽ ടിയാൾക്കെതിരെ കെ.സി.എസ്. (സി.സി. & എ.) പ്രകാരം നടപടി സ്വീകരിക്കുവാൻ സാധിക്കുകയില്ല. ഉത്തരവാദിയായ സെക്രട്ടറിക്കെതിരെ അച്ചടക്കനടപടി സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യുന്നതാണ്.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

1.9.3 സഭാസമിതിയുടെ പരാമർശത്തിന് വിധേയമായ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി ഇ. വി. സുപ്രഭാദേവി സർവ്വീസിൽനിന്ന് വിരമിച്ചു. ഉത്തരവാദിയായ സെക്രട്ടറിക്കെതിരെ അച്ചടക്കനടപടിയെടുക്കുമെന്ന് സഭാസമിതിക്ക് നൽകിയ വിശദീകരണത്തിലെ ഉറപ്പ് നടപ്പിലാക്കിയതായി രേഖകളൊന്നും ലഭിച്ചിട്ടില്ല.

തുടർശിപാർശ

**1.9.4 സെക്രട്ടറിക്കെതിരെ അച്ചടക്കനടപടിയെടുക്കുമെന്ന് സമിതിക്ക് നൽകിയ ഉറപ്പ് നടപ്പിലാക്കുന്നതിനായി സ്വീകരിച്ച നടപടിയുടെ വിശദവിവരം ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക 129

ശിപാർശ

1.10.1 പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകളും ഗുണഭോക്തൃ വിഹിതം സ്വീകരിച്ചതിന്റെയും തുക ഹൗസിംഗ് ബോർഡിൽ അടച്ചതിന്റെയും രസീതുകളും മറ്റനുബന്ധരേഖകളും ലഭ്യമാക്കുവാൻ സമിതി സെക്രട്ടറിക്ക് നിർദ്ദേശം നൽകുകയും ഇവയെല്ലാം ലഭ്യമാക്കാമെന്ന് സെക്രട്ടറി സമിതിയെ അറിയിക്കുകയും ചെയ്തിരുന്നതാണ്. എന്നാൽ ഇവയൊന്നുംതന്നെ നാളിതുവരെ ലഭ്യമാക്കുവാനോ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. സമിതി നിർദ്ദേശം പാലിക്കാത്ത അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. എസ്. ജമാലുദ്ദീൻ കുഞ്ഞിനെതിരെ വകുപ്പുതല അച്ചടക്കനടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

1.10.2 ശ്രീ. എസ്. ജമാലുദ്ദീൻ 31-5-2007-ൽ വിരമിച്ചതിനാൽ ടിയാനെതിരെ അച്ചടക്കനടപടി സ്വീകരിക്കുവാൻ കഴിയില്ല എന്ന വിവരം അറിയിച്ചുകൊള്ളുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

1.10.3 ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. എസ്. ജമാലുദ്ദീൻ 31-5-2007-ൽ വിരമിച്ചതിനാൽ ടിയാൾക്കെതിരെ സമിതി നിർദ്ദേശപ്രകാരമുള്ള വകുപ്പുതല അച്ചടക്കനടപടി സ്വീകരിച്ചിട്ടില്ല.

1.10.4 പ്രാദേശിക പരിശോധനയിൽ ഹൗസിംഗ് ബോർഡിന് 50,86,385 രൂപ നൽകിയതിന്റെ കൈപ്പറ്റുരസീതുകൾ ലഭ്യമായി. പഞ്ചായത്ത് സെക്രട്ടറിയുടെ എ 3/634/07 (തീയതി ഇല്ല) കത്തിൽ ഹൗസിംഗ് ബോർഡിന് 1,05,18,385 രൂപ നൽകിയതായും 94,28,000 രൂപ വിനിയോഗിച്ചതായും 10,90,385 രൂപ തിരികെ ലഭിക്കാനുള്ളതായും പറയുന്നു.

എന്നാൽ ഹൗസിംഗ് ബോർഡിന്റെ 25-3-2003-ലെ എൽ.1/ജനറൽ/03/നമ്പർ കത്തു പ്രകാരം കളക്ഷൻ ചാർജ് ഒഴികെ കൈപ്പറ്റിയത് 1,05,11,982 രൂപയും വിനിയോഗം കഴിഞ്ഞ് ബാക്കിയുള്ളത് 10,83,982 രൂപയുമാണ്. ടി തുക ഹൗസിംഗ് ബോർഡിൽനിന്ന് തിരികെ ലഭിക്കുന്നതിനായി നിയമനടപടി സ്വീകരിക്കുന്നതിന് ഭരണസമിതി 16-4-2010-ലെ IV(1)-ാം നമ്പരായി അഭിഭാഷകനെ ചുമതലപ്പെടുത്താൻ തീരുമാനിച്ചതായി കാണുന്നു. എന്നാൽ തുടർ നടപടികൾ സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയില്ല.

<u>തുടർശിപാർശ</u>

**1.10.5 പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് പഞ്ചായത്തിന് ലഭിക്കേണ്ട തുക ഹൗസിംഗ് ബോർഡിൽനിന്നും ഈടാക്കുവാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

<u>ഖണ്ഡിക 137</u>

<u>ശിപാർശ</u>

1.11.1 പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

1.11.2 നിയമസഭാ സമിതിയുടെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ കൊല്ലം ഡി.ഡി.പി.യുടേയും എ.ഡി.പി.യുടെയും നിർദ്ദേശമനുസരിച്ച് ഉൾനാടൻ മത്സ്യ തൊഴിലാളികളുടെ വിപണന കേന്ദ്രത്തിലെ ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കുകയും ഐസ് പ്ലാന്റ് കെട്ടിടം മെയിന്റനൻസ് നടത്തുകയും പ്ലാന്റ് പ്രവർത്തനക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. ടി പ്ലാന്റ് ഇപ്പോഴും പ്രവർത്തനക്ഷമമാണ് എന്ന വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

<u>ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്</u>

1.11.3 നിലവിൽ ഐസ് പ്ലാന്റ് പ്രവർത്തിക്കുന്നില്ല എന്നാണ് 7-6-2010-ന് നടത്തിയ പ്രാദേശിക പരിശോധനയിൽ സെക്രട്ടറി രേഖാമൂലം അറിയിച്ചത്. 43,27,361 രൂപ ചെലവിൽ നിർമ്മിച്ച ഫിഷ് മാർക്കറ്റിംഗ് സെന്റർ 2000 ഡിസംബറിൽ കമ്മീഷൻ ചെയ്തു. തുടർന്ന് 1-5-2003 മുതൽ 31-5-2005-വരെ പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിനുള്ള അവകാശം ക്വട്ടേഷനിലൂടെ 99,000 രൂപയ്ക്ക് ജെ. സാം എന്നയാളിന് നൽകി. തുടർന്ന് മെഷീനുകൾ പ്രവർത്തിക്കാതായതിനാൽ കരാറുകാരൻ നടത്തിപ്പിൽനിന്ന് പിൻവാങ്ങി. ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റിന്റെ

മേൽനോട്ടത്തിൽ 1,25,000 രൂപ ചെലവിൽ അറ്റകുറ്റപ്പണി നടത്തുകയും 28-3-2007-ൽ പ്രവർത്തനക്ഷമമാക്കുകയും ചെയ്തു. 31-3-2009 വരെ പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിനുള്ള അവകാശം 1,10,000 രൂപയ്ക്ക് ലേലംചെയ്തു നൽകിയെങ്കിലും 52,500 രൂപ മാത്രമാണ് കരാറുകാരൻ ഒടുക്കിയത്. ശേഷിച്ച 57,000 രൂപ അടയ്ക്കാതിരുന്നതിനപുറമെ കരാറുകാരൻ വൈദ്യുതി ചാർജ്ജിനത്തിൽ 2,65,483 രൂപ കടിശ്ശിക വരുത്തുകയും ചെയ്തു. തുടർന്ന് കെ.എസ്.ഇ.ബി. വൈദ്യുതിബന്ധം വിച്ഛേദിക്കുകയും പ്ലാന്റിന്റെ പ്രവർത്തനം നിലയ്ക്കുകയും ചെയ്തു. കരാറുകാരന് എതിരെ റവന്യൂ റിക്കവറി നടപടി ആരംഭിച്ചിട്ടുണ്ട്. പ്ലാന്റിന് അമോണിയ ചോർച്ച ഉണ്ടെന്ന് കരാറുകാരൻ ചൂണ്ടിക്കാട്ടിയതിനെ തുടർന്ന് അറ്റകുറ്റപ്പണി ആവശ്യമാണോ എന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തുറമുഖ വകുപ്പ്, ടി.കെ.എം. എഞ്ചിനീയറിംഗ് കോളേജ് മെക്കാനിക്കൽ വിഭാഗം, പി.ഡബ്ല്യു.ഡി. മെക്കാനിക്കൽ വിഭാഗം എന്നിവരോട് അഭ്യർത്ഥിച്ചെങ്കിലും ഇവരൊക്കെ ഒഴിഞ്ഞുമാറുകയാണുണ്ടായത്. തുടർന്ന് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് അംഗീകരിച്ച ചാർട്ടേഡ് എഞ്ചിനീയർ പരിശോധിച്ച് അറ്റകുറ്റപ്പണി ആവശ്യമാണെന്ന് റിപ്പോർട്ട് ചെയ്തു.

1.11.4 തുറമുഖ വകുപ്പോ ബന്ധപ്പെട്ട സർക്കാർ വകുപ്പുകളോ അറ്റകുറ്റപ്പണിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി നൽകാൻ വിസമ്മതിച്ച സാഹചര്യത്തിൽ കരാറുകാരന്റെ ഉത്തരവാദിത്വത്തിൽ അറ്റകുറ്റപ്പണി നടത്തണമെന്ന വ്യവസ്ഥയോടെ 5-1-2010-ൽ ടെണ്ടർ ക്ഷണിച്ചു. പ്രതിവർഷം 25,000 രൂപ വാടക ക്വാട്ട് ചെയ്ത എജിൻ ഫ്രാൻസിസ് എന്നയാളുടെ ടെണ്ടർ പഞ്ചായത്ത് കമ്മിറ്റിയും ഗവൺമെന്റും അംഗീകരിച്ചെങ്കിലും കരാറുകാരൻ എഗ്രിമെന്റ് വച്ച് പ്ലാന്റിന്റെ നടത്തിപ്പ് ഏറ്റെടുക്കാൻ തയ്യാറായില്ല. ചുരുക്കത്തിൽ 43,27,361 രൂപ ചെലവിൽ നിർമ്മിച്ച് 2000 ഡിസംബറിൽ കമ്മീഷൻ ചെയ്ത പ്ലാന്റ് 10 വർഷത്തിനുള്ളിൽ വളരെ ചുരുങ്ങിയ കാലയളവിൽമാത്രം പ്രവർത്തിക്കുകയും ഇപ്പോഴും പ്രവർത്തനരഹിതമായി തുടരുകയും ചെയ്യുന്നു.

<u>തുടർശിപാർശ</u>

**1.11.5 കണ്ടറ ഗ്രാമപഞ്ചായത്തിൽ ഇൻലാന്റ് ഫിഷ് മാർക്കറ്റിംഗ് സെന്റർ സ്ഥാപിക്കുന്നതിന് തീരുമാനിച്ച സ്ഥലത്തെ 3 അനധികൃത താമസക്കാരെ പുനരധിവസിപ്പിക്കുന്നതിനായി 1,05,000 രൂപ ചെലവഴിച്ചത് ക്രമവിരുദ്ധവും പാഴ്ച്ചെലവാണെന്നുമായിരുന്നു പരാമർശവിധേയമായ വിഷയം. പ്രസ്തുത ഓഡിറ്റ് ഖണ്ഡിക പരിഗണിച്ചവേളയിൽ ഫിഷ് മാർക്കറ്റിംഗ് സെന്ററിന്റെ പ്രവർത്തനം സംബന്ധിച്ച ചർച്ചയുണ്ടാകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഫിഷ് മാർക്കറ്റിംഗ് സെന്ററിന്റെ നിർമ്മാണപ്രവൃത്തിയുമായി ബന്ധപ്പെട്ട ശിപാർശ ഉൾപ്പെടുത്തുകയും ചെയ്തതാണെന്ന് സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത വിഷയം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-06-ലെ സമാഹൃത**

**റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക 2.7.1-ൽ പരാമർശവിധേയമായിട്ടുള്ളതും ആയത് 27-12-2012-ലെ സമിതിയോഗം പരിഗണിച്ച് നിലവിലെ സ്ഥിതി ആരാഞ്ഞിട്ടുള്ളതും മേൽനടപടികൾ ആവശ്യപ്പെട്ടിട്ടുള്ളതുമാണെന്ന് സമിതിക്ക് ബോദ്ധ്യപ്പെടുന്നു. ഫയൽ നമ്പർ 5898/എൽ.എഫ്.എ.സി.എ /12/നി.സെ.യിൽ പ്രസ്തുത നടപടി ഇടമാവുന്നതാണെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**1.11.6 സമിതിയുടെ റിപ്പോർട്ടിലെ 137-ാം ഖണ്ഡികയിലെ ശിപാർശയ്ക്കാധാരമായ മേൽപരാമർശിച്ച 1,05,000 രൂപ ചെലവഴിച്ചത് സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികയിന്മേലുള്ള സർച്ചാർജ് നടപടി സർക്കാരിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അവസാനിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത തുക സംബന്ധിച്ച ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക 155

ശിപാർശ

1.12.1 ഓഡിറ്റ് പരാമർശങ്ങളിന്മേൽ തുടർ നടപടി സ്വീകരിക്കുവാൻ പഞ്ചായത്ത് ഭരണവകുപ്പിനോട് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ആവശ്യപ്പെട്ടിട്ടും ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർ നടപടി സ്വീകരിക്കാത്തത് സമിതി ഗൗരവപൂർവ്വം വീക്ഷിക്കുന്നതായും ഇതു സംബന്ധിച്ച ഭരണവകുപ്പ് പുലർത്തുന്ന നിസ്സംഗത അംഗീകരിക്കാനാവില്ലെന്നും സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടറിൽനിന്നും ഭരണവകുപ്പുദ്യോഗസ്ഥരിൽനിന്നും ഇതു സംബന്ധിച്ച് വിശദീകരണം അടിയന്തരമായി ലഭ്യമാക്കുവാനും ഇത്തരം ഉദ്യോഗസ്ഥർക്കെതിരെ സമയബന്ധിതമായി നടപടി സ്വീകരിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

1.12.2 ഓഡിറ്റിൽ പരാമർശിച്ചിരുന്ന ഖരമാലിന്യ നിർമ്മാർജ്ജനത്തിനായി കണ്ടെയ്നർ, ക്യാരിയർ, ബോക്സ്, ട്രാക്ടർ എന്നിവ വാങ്ങിയത് കേരള സർക്കാരിന്റെ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നാണ്. ആയത് വാങ്ങിയത് കേരളാ സ്റ്റോർ പർച്ചേയ്സ് മാനദണ്ഡങ്ങൾക്ക് അനുസൃതമായാണ്. ആയതിനാലാണ് ടി വിഷയത്തിൽ തുടർനടപടി സ്വീകരിക്കാതിരുന്നത് എന്ന വസ്തുത ബോധിപ്പിച്ചുകൊള്ളുന്നു.

1.12.3 നിയമസഭാ സമിതിയുടെ പരാമർശത്തിന് ഉത്തരവാദികൾ കൊല്ലം ഡി.ഡി.പി.മാർ ആയിരുന്ന ശ്രീമതി രമണി അമ്മ, ശ്രീ. ബേബി മാസ്റ്റർ എന്നിവരാണ്. ടിയാളുകൾ സർവ്വീസിൽനിന്നും വിരമിച്ചതിനാൽ കെ.സി.എസ്. (സി. സി. & എ.) പ്രകാരം നടപടി സ്വീകരിക്കാൻ കഴിയുകയില്ല എന്ന വിവരം റിപ്പോർട്ട് ചെയ്യുകൊള്ളുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

1.12.4 സഭാസമിതിയുടെ പരാമർശത്തിന് വിധേയനായ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരായിരുന്ന ശ്രീമതി രമണി അമ്മയും ശ്രീ. ബേബി ഭാസ്കറും സർവ്വീസിൽ നിന്ന് വിരമിച്ചതിനാൽ സമിതി നിർദ്ദേശിച്ച പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

തുടർശിപാർശ

**1.12.5 അഡ്വാൻസ് തുക മുഴുവൻ നൽകിയ നടപടി മേലിൽ ആവർത്തിക്കരുതെന്ന നിർദ്ദേശത്തോടെ തുടർനടപടി അവസാനിപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക 156

ശിപാർശ

1.13.1 പഞ്ചായത്ത് ഫണ്ടുപയോഗിച്ച് വാങ്ങിയ രണ്ട് പെട്ടികൾ ഉപയോഗശൂന്യമായി ഇരുമ്പെടുത്ത് നശിക്കുന്നതായിട്ടാണ് പുനഃപരിശോധനാ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ളത്. അനാവശ്യമായി സാധനസാമഗ്രികൾ വാങ്ങുകയും അവ ഉപയോഗശൂന്യമാക്കി കളയുകയും ചെയ്യുന്ന പ്രവണത ഒഴിവാക്കേണ്ടതാണെന്നും അനാവശ്യമായ പർച്ചേസുകൾ നടത്തി ഫണ്ട് ദുരുപയോഗം ചെയ്യുന്ന ഉദ്യോഗസ്ഥരിൽനിന്നും നഷ്ടം ഈടാക്കേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

1.13.2 നിയമസഭാസമിതിയുടെ നിർദ്ദേശം കർശനമായി പാലിക്കണമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

1.13.3 നിയമസഭാസമിതിയുടെ നിർദ്ദേശം കർശനമായി പാലിക്കണമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയതായി സഭാസമിതിക്ക് നൽകിയ മറുപടിയിൽ പറയുന്നുണ്ടെങ്കിലും അത്തരം നിർദ്ദേശം സംബന്ധിച്ച രേഖകളൊന്നും പ്രാദേശിക പരിശോധനയിൽ ലഭ്യമായില്ല. മേൽനിർദ്ദേശങ്ങൾക്ക് (155, 156) ആധാരമായ പരാമർശം ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-2008) ഒൻപതാമത് റിപ്പോർട്ടിന്റെയും താങ്കളുടെ 5-9-2007-ലെ 2628/എൽ.എഫ്.എ.സി. ബി2/07 നമ്പർ കത്തിന്റെയും അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് കൊല്ലം ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ 31-10-2007-ലെ എൽ.എഫ്.ക്യു.പി2/1516/07 നമ്പർ കത്തുപ്രകാരം ഒഴിവാക്കിയിട്ടുണ്ട്.

തുടർശിപാർശ

**1.13.4 സമിതിയുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയതായി സർക്കാർ മറുപടിയിൽ പറയുന്നുണ്ടെങ്കിലും ആയതു സംബന്ധിച്ച യാതൊരു രേഖയും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. സമിതി കാലാകാലങ്ങളിൽ നല്കുന്ന നിർദ്ദേശങ്ങൾ താഴെത്തട്ടുകളിലേക്ക് നൽകാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും സമിതി നിർദ്ദേശം നടപ്പിലാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു.**

ഖണ്ഡിക 186

ശിപാർശ

1.14.1 കരുനാഗപ്പള്ളി ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച് 1999-2000-ലെ സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾക്ക് കൃത്യസമയത്ത് മറുപടി നല്കാതെ 24-7-2004-ൽ പഞ്ചായത്ത് സമിതിയെക്കൊണ്ട് അംഗീകരിപ്പിച്ചത് ശരിയായ നടപടി അല്ലെന്നും ഭാവിയിൽ ഇത്തരം നടപടികൾ ആവർത്തിക്കരുതെന്നും ഓഡിറ്റിന് മറുപടി നല്കുന്നതിന് കാലതാമസം വരുത്തുന്നത് ഔദ്യോഗിക കൃത്യനിർവ്വഹണത്തിലെ വീഴ്ചയായി കണ്ട് വകുപ്പുതലത്തിൽ അച്ചടക്കനടപടി സ്വീകരിക്കേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

1.14.2 സമിതിയുടെ നിർദ്ദേശം ഇത് സംബന്ധിച്ച് എല്ലാ ഡി.ഡി.പി./എ.ഡി.പി. ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരെ അറിയിക്കുകയും സമിതി നിർദ്ദേശം പാലിക്കാൻ കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

1.14.3 സഭാസമിതിയുടെ നിർദ്ദേശം സംബന്ധിച്ച് ഡി.ഡി.പി./എ.ഡി.പി./ പഞ്ചായത്ത് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നാണ് വിശദീകരണമെങ്കിലും ഇത്തരത്തിലുള്ള രേഖാമൂലമുള്ള നിർദ്ദേശം സംബന്ധിച്ച രേഖകളൊന്നും കരുനാഗപ്പള്ളി ഗ്രാമപഞ്ചായത്തിൽ നടത്തിയ പരിശോധനയിൽ ലഭ്യമായില്ല.

തുടർശിപാർശ

**1.14.4 സമിതിയുടെ ശിപാർശയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ഡി.ഡി.പി./എ.ഡി.പി./പഞ്ചായത്ത് സെക്രട്ടറി എന്നിവർക്ക് നിർദ്ദേശം നൽകിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

അദ്ധ്യായം II

## സർക്കാരിൽ/ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറിൽനിന്ന് ലഭിച്ച മറുപടികളുടെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ തുടരേണ്ടതില്ല എന്ന് സമിതി തീരുമാനിച്ച ശിപാർശകളും മറുപടികളും

ഖണ്ഡിക 14

ശിപാർശ

2.1.1 പബ്ലിക് ഹെൽത്ത് സെന്റർ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായി പ്രവർത്തിച്ച ശ്രീ. അനിൽകുമാറിനെതിരെ അടിയന്തരമായി നടപടി സ്വീകരിക്കുന്നതാണെന്ന് 22-12-2004-ലെ തെളിവെടുപ്പ് യോഗത്തിൽ പഞ്ചായത്ത് ഡയറക്ടർ ഉറപ്പുനൽകിയിരുന്നെങ്കിലും ടിയാനെതിരെ സ്വീകരിച്ച നടപടി സംബന്ധിച്ച് നാളിതുവരെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഇക്കാര്യത്തിൽ അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം ഇതുസംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ വിശദീകരണം ആവശ്യപ്പെടുന്നു. ശ്രീ. അനിൽകുമാറിനെതിരെ കേരള സർവ്വീസ് ചട്ടങ്ങളനുസരിച്ച് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.1.2 ശ്രീ. അനിൽകുമാർ ഹോണറേറിയം വ്യവസ്ഥയിൽ ജോലി ചെയ്യുവരുന്ന ആളാണ്. ആയതിനാൽ കെ.ഡി.എസ്. പ്രകാരമുള്ള അച്ചടക്കനടപടി സ്വീകരിക്കുവാൻ സാധിക്കുകയില്ല എന്ന വിവരം അറിയിക്കുന്നു.

ഖണ്ഡിക 15

ശിപാർശ

2.2.1 പഞ്ചായത്തിന് നഷ്ടപ്പെട്ട തുക ശ്രീ. അനിൽകുമാറിൽനിന്നും ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടത്തേണ്ടിവന്ന സാഹചര്യത്തിൽ റിക്കവറി നടപടിക്രമങ്ങൾക്കായി ചെലവായ തുക ടിയാനിൽ നിന്നും ഈടാക്കുവാനും പഞ്ചായത്തിന് നഷ്ടപ്പെട്ട തുക പലിശ സഹിതം ഈടാക്കി ബന്ധപ്പെട്ട രേഖകൾ ഉൾപ്പെടെ റിപ്പോർട്ട് ലഭ്യമാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.2.2 ശ്രീ. അനിൽകുമാറിൽ നിന്നും ബഹു. ഹൈക്കോടതിയിലെ ഒ.പി. 5814/03 -ലെ വിധിയുടെ അടിസ്ഥാനത്തിൽ ഈടാക്കുവാൻ ഉള്ള മുതൽ 63,598 രൂപ കരുനാഗപ്പള്ളി തഹസിൽദാർ ഈടാക്കുകയും പ്രസ്തുത തുക 9-5-2003-ൽ 004087 നമ്പർ ഡി.ഡി. ആയി

തൊടിയൂർ ഗ്രാമപഞ്ചായത്തിൽ ഒടുക്കു വരുത്തിയിട്ടുണ്ട്. മേൽതുക ഈടാക്കുന്നതിന് കരുനാഗപ്പള്ളി തഹസിൽദാർ കളക്ഷൻ ചാർജ് 3,188 രൂപയും ഡി.ഡി. കമ്മീഷൻ 160 രൂപയും ഈടാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് ഈ നടപടിക്ക് തുക ഒന്നും ചെലവ് വന്നിട്ടില്ല എന്ന വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

2.2.3 ശ്രീ. അനിൽകുമാർ അധികം കൈപ്പറ്റിയ 63,598 രൂപ റവന്യൂ റിക്കവറി നടപടിയിലൂടെ ആകെ 63,598 രൂപ ഈയിനത്തിൽ ഈടാക്കിയിട്ടുണ്ട്. ശ്രീ. അനിൽകുമാർ ഹോണറേറിയം വ്യവസ്ഥയിൽ ലൈബ്രേറിയനായി ജോലി നോക്കി വന്നിരുന്ന ആളാണ്. ടിയാനെ തന്നെ ചുമതലയിൽ നിന്നും രേഖാമൂലം ഒഴിവാക്കിയതായി കാണുന്നില്ല. എന്നാൽ ഭരണസമിതിയുടെ 24-3-2008-ലെ IV(1) തീരുമാനപ്രകാരം 1-4-2008 മുതൽ ഹോണറേറിയം ലൈബ്രേറിയനായി ചുമതല തിരികെ ഏൽപ്പിച്ച്, നൽകുന്നതിന് ഐകകണ്ഠ്യേന അംഗീകരിച്ച് തീരുമാനിച്ചതായി കാണുന്നു. എന്നാൽ ഇയാളെ ജോലിയിൽ പ്രവേശിപ്പിച്ചതായി രേഖയില്ല. സർക്കാർ ജീവനക്കാരനോ പഞ്ചായത്ത് കണ്ടിൻജന്റ് ജീവനക്കാരനോ അല്ലാത്ത സ്ഥിതിക്ക് ഈ തീരുമാനത്തിൽ അപാകതയുണ്ടെന്ന് കരുതുന്നില്ല.

ഖണ്ഡിക 16

ശിപാർശ

2.3.1 പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ എല്ലാം വിശദമായി പരിശോധിച്ച് കെട്ടിട നിർമ്മാണത്തിനായി നിർമ്മിതി കേന്ദ്രത്തിൽ അടച്ച തുക തിരികെ വാങ്ങുന്നതിനോ അല്ലാത്തപക്ഷം കെട്ടിടം പണി പൂർത്തീകരിക്കുന്നതിനോ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.3.2 കെട്ടിട പണിയ്ക്കുവേണ്ടി നിർമ്മിതി കേന്ദ്രത്തിൽ അടച്ച 2,85,000 രൂപ പണി അവർ ഏറ്റെടുക്കാത്തതിനാൽ 28-4-1999-ൽ എം. ഒ. 915753 ഓഫ് റ്റി.എസ്.ബി. കൊല്ലം നമ്പർ ചെക്ക് പ്രകാരം ഗ്രാമപഞ്ചായത്തിൽ അടച്ചിട്ടുണ്ട് എന്ന വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

2.3.3 കെട്ടിട നിർമ്മാണത്തിനായി നിർമ്മിതി കേന്ദ്രത്തിൽ അടച്ച 2,85,000 രൂപ 27-5-1999-ൽ തിരികെ ലഭിക്കുകയും 11-8-1999-ൽ ടി 57-ാം നമ്പരായി ജനറൽ പി.ഡി. അക്കൗണ്ടിൽ ഒടുക്കു വരുത്തുകയും ചെയ്തു.

ഖണ്ഡിക 37

ശിപാർശ

2.4.1 21-11-2005-ലെ 4559/05/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവുപ്രകാരം പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കിയത് സമിതി അംഗീകരിക്കുന്നു.

ഖണ്ഡിക 50

ശിപാർശ

2.5.1 ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ പുനഃപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ മറുപടി

2.5.2 സമിതിയുടെ ഒൻപതാമത് റിപ്പോർട്ടിലെ ഖണ്ഡിക 50-ലെ നിർദ്ദേശാനുസരണം ടി ഖണ്ഡികയിലെ വിഷയത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുണ്ട്.

ഖണ്ഡിക 54, 55

ശിപാർശകൾ

2.6.1 പട്ടികജാതി/പട്ടികവർഗ്ഗക്കാർ ഗുണഭോക്താക്കളായി നടപ്പാക്കിയ പ്രസ്തുത പദ്ധതിയിൽ ഗുണഭോക്തൃ വിഹിതം പൂർണ്ണമായി പിരിഞ്ഞുകിട്ടിയെന്നതും വിളക്കുകളുടെ പ്രവർത്തനക്ഷമതയെപ്പറ്റി ഒരു പരാതിപോലും ലഭിച്ചില്ലെന്നതും ഈ പദ്ധതി യഥാർത്ഥത്തിൽ നടപ്പിലാക്കിയിട്ടുണ്ടോയെന്ന കാര്യത്തിൽ സംശയമുണർത്തുന്നു. ആയതിനാൽ ഇക്കാര്യത്തിൽ വിശദമായ അന്വേഷണം ആവശ്യമാണെന്ന് സമിതി കരുതുന്നു.

2.6.2 പ്രസ്തുത പദ്ധതി സംബന്ധിച്ച ഭൗതിക പരിശോധന നടത്തി വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി അന്നത്തെ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി ഇ. വി. സുപ്രഭാദേവിയോട് നിർദ്ദേശിച്ചിരുന്നെങ്കിലും റിപ്പോർട്ട് ഇതുവരെയും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ സമിതി നിർദ്ദേശം പാലിക്കാൻ കൂട്ടാക്കാത്ത ബന്ധപ്പെട്ട പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറിൽ നിന്നും ഇതു സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുവാനും ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

2.6.3 ടി വിഷയത്തിൽ കൊല്ലം എ.ഡി.ഡി. വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത് പ്ലാൻ ഫണ്ട് ഉപയോഗിച്ച് 1998-99-ൽ ജനറൽ വിഭാഗത്തിൽ 126 പേർക്കും പട്ടികജാതി വിഭാഗത്തിലെ 74 പേർക്കും ഉൾപ്പെടെ 200 കുടുംബങ്ങൾക്ക് (റോസ്മല) സൗരോർജ്ജ വിളക്കുകൾ സബ്സിഡി നിരക്കിൽ വാങ്ങി നൽകിയിട്ടുണ്ട്. ടി വിഷയം സംബന്ധിച്ച് 18-10-2007-ൽ പഞ്ചായത്ത് ഓഫീസിൽ നേരിട്ട് പരിശോധന നടത്തുകയും ടി പ്രോജക്ടിന്റെ ഗുണഭോക്താക്കളുടെ ലിസ്റ്റിന്റെ പകർപ്പെടുക്കുകയും 19-10-2007-ൽ പെർഫോർമൻസ് ആഡിറ്റ് യൂണിറ്റ് ടീം റോസ്മലയിലെത്തി നേരിട്ട് ഭവനങ്ങൾ സന്ദർശിച്ച് പരിശോധന നടത്തുകയും ചെയ്തിട്ടുള്ളതാണ്. ടി പദ്ധതി പൂർണ്ണമായും നടപ്പാക്കിയെന്നും മുഴുവൻ ഗുണഭോക്താക്കൾക്കും വിളക്കുകൾ ലഭിച്ചുവെന്നും ബോദ്ധ്യപ്പെട്ടിട്ടുണ്ട്. പരാമർശവിധേയനായ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ സർവ്വീസിൽനിന്നും റിട്ടയർ ചെയ്തിട്ടുണ്ട്.

## ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

2.6.4 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിക്ക് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ നൽകിയ വിശദീകരണം വസ്തുതാപരമാണെന്ന് പ്രാദേശിക പരിശോധനയിൽ വ്യക്തമായി. പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്നത് പ്രകാരം ജനറൽ വിഭാഗത്തിൽ 126 പേർക്കും പട്ടികജാതി വിഭാഗത്തിൽ 74 പേർക്കും ഉൾപ്പെടെ 200 ഗുണഭോക്താക്കൾക്ക് സൗരോർജ്ജ വിളക്കുകൾ വിതരണം ചെയ്തിട്ടുള്ളതായും പദ്ധതി പൂർണ്ണമായി നടപ്പിലാക്കിയിട്ടുള്ളതായും ബോദ്ധ്യപ്പെട്ടു. എന്നിരുന്നാലും വ്യക്തിഗത ആനുകൂല്യമായി സൗരോർജ്ജ ലാമ്പുകൾ വിതരണം പാടില്ല എന്ന് സബ്സിഡി മാനദണ്ഡങ്ങളിൽ വ്യക്തമാക്കിയിട്ടുള്ളതാണ്.

## ഖണ്ഡിക 61

## ശിപാർശ

2.7.1 ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പുനഃപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ മറുപടി

2.7.2 സമിതിയുടെ ഒൻപതാമത് റിപ്പോർട്ടിലെ ഖണ്ഡിക 61-ലെ നിർദ്ദേശാനുസരണം ടി ഖണ്ഡികയിലെ വിഷയത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുണ്ട്.

ഖണ്ഡിക 68

ശിപാർശ

2.8.1 കൊല്ലം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച് 22-12-2004-ൽ സമിതി നടത്തിയ തെളിവെടുപ്പുവേളയിൽ ഇട്ടിവ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഒരു ഓഡിറ്റ് പരാമർശം സംബന്ധിച്ച് രേഖകൾ പരിശോധിച്ച് 15 ദിവസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കുവാൻ ഡെപ്യൂട്ടി ഡയറക്ടറോടും സമിതിക്ക് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കാതിരുന്ന സെക്രട്ടറിക്കെതിരെ ഉചിതമായ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ പഞ്ചായത്ത് ഡയറക്ടറോടും സമിതി ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഓഡിറ്റ് പരാമർശം സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കിയത് 17-1-2006-ൽ മാത്രമാണ്. സെക്രട്ടറിക്കെതിരെ സമിതി നിർദ്ദേശപ്രകാരം നടപടി സ്വീകരിച്ച് ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് ഭരണ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് അനാവശ്യമായ കാലതാമസം വരുത്തി കുറ്റക്കാർക്ക് രക്ഷപ്പെടുവാനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കുന്നതായും അതുവഴി ഭരണവകുപ്പ് അഴിമതിയും അനാസ്ഥയും ഉത്തരവാദിത്വമില്ലായ്മയും തുടരുന്നതിന് പ്രോത്സാഹനം നൽകുന്നതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പഞ്ചായത്ത് ഭരണവകുപ്പ് അടിയന്തരമായി അഴിച്ചുപണിയുന്നതിനും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിൽ കാലതാമസം വരുത്തിയാൽ പ്രസ്തുത ഉദ്യോഗസ്ഥനെതിരെ സർക്കാർ തലത്തിൽ സമയബന്ധിതമായി നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.8.2 ഇട്ടിവ ഗ്രാമപഞ്ചായത്തിൽ 1998-99 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 37 പ്രകാരമുള്ള പരാമർശത്തിന്റെ തെളിവെടുപ്പിനോടനുബന്ധിച്ചാണ് സമിതി ഈ പരാമർശം നടത്തിയിട്ടുള്ളത്. എന്നാൽ 20-11-2007-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ (ഹയർ ഗ്രേഡ്) എൽ. എഫ്. ക്യൂ. പി. ജി. 1466/07 നമ്പർ കത്ത് പ്രകാരം ടി പരാമർശം ഒഴിവാക്കിയിട്ടുണ്ട്. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശങ്ങളിന്മേൽ സമയബന്ധിതമായി തുടർനടപടികൾ സ്വീകരിക്കുന്നതിൽ അതീവശ്രദ്ധ ചെലുത്തിവരുന്നുണ്ട്. ആയിരത്തോളം ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച് നിരവധി ഓഡിറ്റ് ഖണ്ഡികകൾ കൈകാര്യം ചെയ്യുന്നതിനാൽ ചില വീഴ്ചകൾ സംഭവിച്ചിട്ടുണ്ട്. ആയത് മാപ്പാക്കണമെന്ന് സമിതിയോട് അപേക്ഷിക്കുന്നു. കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്ന സമിതിയുടെ ശിപാർശ വീഴ്ചകൂടാതെ നടപ്പിലാക്കുന്നുണ്ട്.

<u>ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്</u>

2.8.3 ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്), ജില്ലാ കാര്യാലയം, കൊല്ലത്തിന്റെ 20-11-2007-ലെ നമ്പർ എൽ. എഫ്. ക്യൂ. പി. ജി. 1466/07-ാം നമ്പർ കത്ത് പ്രകാരം ഇട്ടിവ ഗ്രാമപഞ്ചായത്തിന്റെ 1998-99 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 37 (സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2000-01 ഖണ്ഡിക 4.6) ദുർബ്ബലവിഭാഗത്തിൽപ്പെട്ടവരുടെ ഭവനങ്ങളുടെ ഇലക്ട്രിക് വയറിംഗ് കരാറുകാരന് നൽകിയ മുൻകൂർ നിരാകരിക്കുന്നു. 25,000 രൂപ എന്ന പരാമർശം ഒഴിവാക്കിയിട്ടുണ്ട് എന്ന വിവരം തുടർ നടപടിക്കായി അറിയിക്കുന്നു.

<u>ഖണ്ഡിക 69</u>

<u>ശിപാർശ</u>

2.9.1 കൊല്ലം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ക്വട്ടേഷന്റെ ഫയൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും 9-2-1999-ൽ മുൻകൂർ നൽകിയ തുക 29-3-2000-ൽ ക്രമീകരിച്ചിട്ടുണ്ടെങ്കിലും ഓഡിറ്റ് നടന്നസമയത്ത് ഇവ ഓഡിറ്റ് വകുപ്പുദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തിയതായി കാണുന്നില്ലെന്നും അറിയിച്ചിരിക്കുന്നതല്ലാതെ ഫയൽ കണ്ടുപിടിക്കാനോ അത് നഷ്ടപ്പെടുത്തിയവർക്കെതിരെ നടപടി സ്വീകരിക്കുവാനോ ഓഡിറ്റ് രേഖകൾ കൃത്യമായി ലഭ്യമാക്കാതിരുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുവാനോ എന്തെങ്കിലും നിർദ്ദേശം നൽകിയതായി അറിയിച്ചിട്ടില്ല. ഓഡിറ്റ് പരാമർശങ്ങളിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതിനും അവ പരിശോധിക്കുന്നതിനുമായി ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കുകയോ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയോ ചെയ്യുന്നതായി കാണുന്നില്ല. ഇത് പലപ്പോഴും ഓഡിറ്റിനെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ഫയൽ കണ്ടെത്തുവാനും ഇല്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുവാനും ഓഡിറ്റിന് യഥാസമയം രേഖകൾ ലഭ്യമാക്കാതിരുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.9.2 കൊല്ലം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ 17-1-2006-ൽ ലഭ്യമാക്കിയ റിപ്പോർട്ടിൽ ക്വട്ടേഷൻ ഫയൽ ഓഡിറ്റ് നടന്നസമയത്ത് ഉദ്യോഗസ്ഥനെ കാണിച്ചിട്ടില്ലെന്നും ബന്ധപ്പെട്ട ഫയൽ കാണുന്നില്ലെന്നും അറിയിച്ചതായി കാണുന്നു. എന്നാൽ ഓഡിറ്റ് പാര 3-ാം ഖണ്ഡിക പരിശോധിച്ചതിൽ ക്വട്ടേഷൻ നോട്ടീസ് നമ്പർ,

ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ക്വട്ടേഷന്റെ വിശദവിവരങ്ങൾ പൂരിപ്പിക്കാതെ ഫയലിൽ സൂക്ഷിച്ചിരിക്കുന്ന മുദ്രപ്പത്രങ്ങളുടെ വിവരങ്ങൾ എന്നിവയെപ്പറ്റി വിശദമായി പറയുന്നുണ്ട്. കൂടാതെ മുൻകൂർ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ ചെക്കിന്റെ വിവരങ്ങളും കാണിച്ചിരിക്കുന്നു. ഫയൽ പൂർണ്ണമായും പരിശോധിച്ചാണ് ഓഡിറ്റ് പരാമർശം നടത്തിയിട്ടുള്ളത് എന്ന് ഇതിൽ നിന്നും വ്യക്തമാണ്. മാത്രവുമല്ല ഏതെങ്കിലും രേഖകൾ ലഭിച്ചിട്ടില്ല എന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പറഞ്ഞിട്ടില്ല. ടി സാഹചര്യങ്ങൾ വിലയിരുത്തി ബന്ധപ്പെട്ട ഫയൽ ഓഡിറ്റ് സമയത്ത് ഹാജരാക്കിയതായി മനസ്സിലാക്കാവുന്നതാണ്. പുനഃപരിശോധന ആവശ്യമാണെന്ന് കാണുന്നപക്ഷം രേഖകൾ ഹാജരാക്കുന്നതാണ്.

2.9.3 നിർദ്ദേശങ്ങൾക്ക് ഉത്തരവാദികളായ ശ്രീ. പി. രാമചന്ദ്രൻ, ജൂനിയർ സൂപ്രണ്ട് 31-5-2004-ൽ വിരമിച്ചു. ശ്രീ. ശശാങ്കൻ, യു. ഡി. ക്ലാർക്ക് വിരമിച്ചു. ശ്രീ. രവീന്ദ്രക്കുറുപ്പ്, യു. ഡി. ക്ലാർക്ക് 27-6-2002-ൽ മരണപ്പെട്ടു. ശ്രീ. ബാലൻ, യു. ഡി. ക്ലാർക്ക് വിരമിച്ചു. ടിയാളുകൾക്കെതിരെ കെ. സി. എസ്. (സി. സി. & എ.) പ്രകാരം അച്ചടക്കനടപടി സ്വീകരിക്കാൻ കഴിയുകയില്ല എന്നവിവരം അറിയിച്ചുകൊള്ളുന്നു. ഭാവിയിൽ ഈ സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനുവേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്</u>

2.9.4 സഭാസമിതിയുടെ നിർദ്ദേശപ്രകാരം നടത്തിയ അന്വേഷണവേളയിൽ ഫയൽ കണ്ടെത്താൻ കഴിഞ്ഞില്ലെന്ന് കൊല്ലം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറാണ് സമിതിക്ക് റിപ്പോർട്ട് നൽകിയത്. കരാറുകാരന് മുൻകൂർ നൽകിയ 25,000 രൂപ 29-3-2000-ൽ ക്രമീകരിച്ചതായി അസിസ്റ്റന്റ് ഡയറക്ടറുടെ വിശദീകരണത്തിൽ പറയുന്നെങ്കിലും ഓഡിറ്റിന് ഈ വിവരം ലഭ്യമാക്കിയിരുന്നില്ല. 7-6-2010-ൽ നടത്തിയ പ്രാദേശിക പരിശോധനാവേളയിൽ മുൻകൂർ ക്രമീകരിച്ചതോ പദ്ധതി പൂർത്തിയാക്കിയതോ സംബന്ധിച്ച രേഖകളൊന്നും ലഭ്യമാക്കിയില്ല. സഭാസമിതിയുടെ നിർദ്ദേശപ്രകാരം ഏതെങ്കിലും ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിച്ചതായും പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടില്ല.

<u>ഖണ്ഡിക 70</u>

<u>ശിപാർശ</u>

2.10.1 ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ചവരുത്തിയ അന്നത്തെ അസിസ്റ്റന്റ് ഡയറക്ടർക്കെതിരെ നടപടി സ്വീകരിക്കുന്നതോടൊപ്പം ഓഡിറ്റ് പരാമർശങ്ങളിന്മേൽ തുടർനടപടികൾ നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തിയാക്കിയിരിക്കണമെന്ന് പഞ്ചായത്ത് അസിസ്റ്റന്റ്/ഡെപ്യൂട്ടി ഡയറക്ടർമാർക്ക് നിർദ്ദേശം നൽകണമെന്നും ഇതിന് വിരുദ്ധമായി കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ സമയബന്ധിതമായി

വകുപ്പുതല നടപടി സ്വീകരിക്കുകയും ഓഡിറ്റിൽ തടസ്സപ്പെടുത്തുന്ന തുക ടി ഉദ്യോഗസ്ഥരിലും ബാദ്ധ്യത ചുമത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.10.2 ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ചവരുത്തിയ അന്നത്തെ അസിസ്റ്റന്റ് ഡയറക്ടർക്കെതിരെ നടപടി സ്വീകരിക്കണമെന്ന സമിതിയുടെ ശിപാർശ സർക്കാർ പരിശോധിച്ചതിൽ 2004 മുതൽ 2006 വരെയുള്ള കാലഘട്ടത്തിൽ 5-ഓളം അസിസ്റ്റന്റ് ഡയറക്ടർമാർ സേവനം അനുഷ്ഠിച്ചിരുന്നുവെന്ന് കാണുന്നു. അവരെല്ലാംതന്നെ സർവ്വീസിൽ നിന്നും വിരമിച്ചിട്ട് വർഷങ്ങൾ കഴിഞ്ഞതിനാൽ വ്യവസ്ഥകൾ പ്രകാരം കൃത്യവിലോപത്തിന് കാരണക്കാരനായ അസിസ്റ്റന്റ് ഡയറക്ടർക്കെതിരെ നടപടി സ്വീകരിക്കുവാൻ സാധിച്ചിട്ടില്ല. പെൻഷൻ റിഡക്ഷനുള്ള നടപടി ആരംഭിക്കുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ സമിതിയുടെ ശിപാർശകളിന്മേൽ സമയബന്ധിതമായി റിപ്പോർട്ട് നൽകുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനും അതീവപ്രാധാന്യം നൽകണമെന്ന ഉദ്ദേശം മുൻനിർത്തി പഞ്ചായത്ത് ഡയറക്ടർ 23-7-2013-ലെ എം.3-15748/2013 നമ്പർ സർക്കുലർ പ്രകാരം എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും എല്ലാ പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർമാർക്കും എല്ലാ പഞ്ചായത്ത് അസിസ്റ്റന്റ്/ഡെപ്യൂട്ടി ഡയറക്ടർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). മേൽവിവരം ബഹു. സമിതിയുടെ മുമ്പിൽ സമർപ്പിക്കുന്നു.

<u>ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ മറുപടി</u>

2.10.3 പ്രത്യേക പരാമർശമില്ല.

<u>ഖണ്ഡിക 71</u>

<u>ശിപാർശ</u>

2.11.1 ഓഡിറ്റ് പരാമർശം സംബന്ധിച്ച് അസിസ്റ്റന്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുനഃപരിശോധന നടത്തുവാനും ഇതു സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാനും ലോക്കൽ ഫണ്ട് വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.11.2 പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നതുപോലെ ചെലവുകൾ നടത്തിയ വൗച്ചറും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചു. വൈദ്യുതി ബോർഡിൽ ഡി. ഡി. അടച്ചതു സംബന്ധിച്ച രസീതുകൾ പരിശോധനയ്ക്ക്

ഹാജരാക്കിയിട്ടുണ്ട്. അഡ്വാൻസ് തട്ടിക്കിഴിക്കുന്നതു സംബന്ധിച്ച അഡ്വാൻസ് രജിസ്റ്റർ, പണി പൂർത്തിയാക്കിയതു സംബന്ധിച്ച മോണിറ്ററിംഗ് സമിതി റിപ്പോർട്ട്/പൂർത്തീകരണ റിപ്പോർട്ട് ഇവ ഹാജരാക്കിയില്ല. നിയമാനുസൃതമല്ലാതെ കരാറുകാരന് മുൻകൂർ തുക നൽകുകയും മുഴുവൻ തുകയും പ്ലാൻ ഫണ്ട് ചെലവിൽ രേഖപ്പെടുത്തി, ക്രമീകരിച്ച മുൻകൂർ തുക ഡെബിറ്റ് ഹെഡ്ഡിൽ അഡ്വാൻസ് തിരിച്ചുപിടിച്ചയിനത്തിലുള്ള വരവായി രേഖപ്പെടുത്തേണ്ടിയിരുന്നെങ്കിലും ബാക്കി തുക മാത്രം ചെലവായി രേഖപ്പെടുത്തിയതുമൊക്കെ ഇക്കാര്യത്തിൽ സംഭവിച്ച ന്യൂനതകളാണ്. എന്നിരുന്നാലും വയറിംഗ് ജോലികൾ പൂർത്തീകരിച്ച് ഡി. ഡി. അടച്ചതായി ബോധ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ അവസാനിപ്പിക്കാവുന്നതാണെന്ന് ശിപാർശ ചെയ്യുകൊള്ളുന്നു.

## ഖണ്ഡിക 76

### ശിപാർശ

2.12.1 കൺവീനറിൽനിന്നും റവന്യൂ റിക്കവറി വഴി തുക ഈടാക്കി ബന്ധപ്പെട്ട രേഖകൾ സഹിതം സമിതിക്കും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനും റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

2.12.2 തഴവ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 15-10-2007-ലെ ജെ. എസ്. 1715/07 കത്ത് പ്രകാരം റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് തുക ഈടാക്കി തരുന്നതിന് ബഹുമാനപ്പെട്ട കൊല്ലം ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും തുക ഈടാക്കിയ വിവരം നാളിതുവരെ അറിയിച്ചിട്ടില്ലെന്ന് റിപ്പോർട്ട് ചെയ്യുകൊള്ളുന്നു.

### സമിതി ആരാഞ്ഞ അധികവിവരം

2.12.3 തഴവ ഗ്രാമപഞ്ചായത്തിൽ മരാമത്ത് പണികൾക്ക് നൽകിയ മുൻകൂറുകൾ സംബന്ധിച്ച ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട ശിപാർശയിലെ നിർദ്ദേശപ്രകാരം സ്വീകരിച്ച ആർ. ആർ. നടപടിയുടെ ഇപ്പോഴത്തെ അവസ്ഥ ആരായുവാൻ സമിതി തീരുമാനിച്ചു.

### സമിതി ആരാഞ്ഞ അധികവിവരത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി

2.12.4 ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ മണപ്പള്ളി തെക്ക്-ചെക്കാലമുക്ക് ലക്ഷം വീട് കോളനി റോഡ് ടാർ ചെയ്യുന്നതിന് 25,000 രൂപ അഡ്വാൻസ് വാങ്ങി ഗുണഭോക്തൃ സമിതി കൺവീനർ മണപ്പള്ളി മണിമംഗലത്ത് ശ്രീ. സോമൻ പേർക്ക് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് തുക ഈടാക്കുന്നതിന് കൊല്ലം ജില്ലാ കളക്ടർക്ക് പഞ്ചായത്ത് സെക്രട്ടറി 16-4-2007-ൽ അപേക്ഷ നൽകിയിട്ടുണ്ട്.

<u>സർക്കാർ ലഭ്യമാക്കിയ മറുപടിയിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്</u>

2.12.5 മണപ്പള്ളി തെക്ക്-ചെക്കാലമുക്ക് ലക്ഷം വീട് കോളനി റോഡ് ടാർ ചെയ്യുന്ന പണിക്ക് ഗുണഭോക്തൃ സമിതി കൺവീനർ ശ്രീ. സോമൻ, മണിമംഗലത്ത് മണപ്പള്ളി തെക്ക് എന്നയാൾക്ക് മുൻകൂറായി നൽകിയ 25,000 രൂപയിൽ 19,523 രൂപ റവന്യൂ റിക്കവറി വഴി ഈടാക്കിയിട്ടുണ്ട്. ടി തുക 19-8-2009-ലെ 57029 നമ്പർ ഡി.ഡി. വഴി തഹസിൽദാരിൽനിന്ന് ലഭിക്കുകയും പഞ്ചായത്ത് ഫണ്ടിൽ വരവുവയ്ക്കുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന തുക ഈടാക്കുന്നതിന് 28-11-2009-ലെ ജെ. എസ്. 602/04 നമ്പർ കത്തുവഴി തഹസിൽദാരോട് അഭ്യർത്ഥിച്ചെങ്കിലും തുടർനടപടി ഉണ്ടായിട്ടില്ല.

<u>ഖണ്ഡിക 81</u>

<u>ശിപാർശ</u>

2.13.1 ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കിയിട്ടുള്ളതിനാൽ തുടർനടപടി അവസാനിപ്പിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

<u>ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ മറുപടി</u>

2.13.2 സമിതിയുടെ ഒൻപതാമത് റിപ്പോർട്ടിലെ ഖണ്ഡിക 81-ലെ നിർദ്ദേശാനുസരണം ടി ഖണ്ഡികയിലെ വിഷയത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുണ്ട്.

<u>ഖണ്ഡിക 89</u>

<u>ശിപാർശ</u>

2.14.1 കാർഷിക പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ഓരോ കാർഷികവിളയും അതതിന്റേതായ പ്രത്യേക സീസണിൽതന്നെ കൃഷി ചെയ്തുതുടങ്ങുന്ന വിധത്തിൽ ആസൂത്രണം ചെയ്യുന്നത് അഭികാമ്യമായിരിക്കുമെന്നും അപ്രകാരം ചെയ്യാത്തതിനാൽ പ്രസ്തുത ആനുകൂല്യങ്ങൾ പ്രയോജനപ്രദമാകാതെ പാഴ്ച്ചെലവായി തീരുന്നതായി സമിതി കണ്ടെത്തി. ആയതിനാൽ കാർഷിക പദ്ധതികളുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളെല്ലാം അതത് കാർഷിക സീസണുമുമ്പുതന്നെ പൂർത്തിയാക്കി കർഷകർക്ക് പ്രയോജനപ്രദമായ രീതിയിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.14.2 സമിതി ശിപാർശയുടെ പകർപ്പ് എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും നൽകുന്നതിനായി പഞ്ചായത്ത് ഡയറക്ടറുടെ 26-3-2013-ലെ എം1-19324/07(1) നമ്പർ

കത്ത് പ്രകാരം എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും അയച്ച് നൽകിയിട്ടുണ്ട്. പദ്ധതി രൂപീകരണം പൂർത്തിയാക്കി അംഗീകാരം ലഭിക്കുന്നമുറയ്ക്കാണ് ഗ്രാമപഞ്ചായത്തുകൾ കാർഷിക പദ്ധതികൾക്കുള്ള ധനസഹായം നൽകുന്നത്. പദ്ധതി രൂപീകരണ പ്രക്രിയ വൈകുന്നതിനനുസൃതമായി കാർഷിക പദ്ധതികൾക്കുള്ള ധനസഹായവും വൈകുന്നതായി കാണുന്നു. 2013-14 മുതലുള്ള വർഷങ്ങളിൽ, പദ്ധതി രൂപീകരണം, സാമ്പത്തിക വർഷം ആരംഭിക്കുന്ന, ആദ്യമാസങ്ങളിൽതന്നെ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. അങ്ങനെയാണെങ്കിൽ കാർഷിക പദ്ധതികളുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളെല്ലാം അതത് കാർഷിക സീസണ് മുമ്പ് തന്നെ പൂർത്തിയാക്കി കർഷകർക്ക് പ്രയോജനപ്രദമായ രീതിയിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ഗ്രാമപഞ്ചായത്തുകൾക്ക് സാധിക്കുന്നതാണ് എന്ന വിവരവും ബോധിപ്പിക്കുന്നു.

<u>ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്</u>

2.14.3 സമിതി ശിപാർശ നടപ്പിലാക്കുന്നതിനായി 26-3-2013-ലെ എം1-19324/ 07(1) നമ്പർ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും നൽകിയ നിർദ്ദേശപ്രകാരം 2013-14 മുതലുള്ള വർഷങ്ങളിൽ ഓരോ കാർഷികവിളയും അതതിന്റെ പ്രത്യേക സീസണിൽതന്നെ കൃഷി ചെയ്ത് തുടങ്ങുന്നതിലേക്കായി പദ്ധതി രൂപീകരണം, നിർവ്വഹണം എന്നിവ യഥാസമയം നടപ്പിലാക്കുന്നുണ്ടോ എന്നുള്ളത് തുടർനിരീക്ഷണങ്ങൾക്ക് വിധേയമാക്കുന്നതാണെന്നുള്ള വിവരം അറിയിക്കുന്നു.

<u>ഖണ്ഡിക 90</u>

<u>ശിപാർശ</u>

2.15.1 ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ പുനഃപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ മറുപടി</u>

2.15.2 സമിതിയുടെ ഒൻപതാമത് റിപ്പോർട്ടിലെ ഖണ്ഡിക 90-ലെ നിർദ്ദേശാനുസരണം ടി ഖണ്ഡികയിലെ വിഷയത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുണ്ട്.

ഖണ്ഡിക 95

ശിപാർശ

2.16.1 ബന്ധപ്പെട്ട രേഖകൾ സഹിതം വിശദമായ റിപ്പോർട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് നൽകുവാൻ സമിതി നിർദ്ദേശിച്ചതനുസരിച്ച് പഞ്ചായത്ത് സ്വീകരിച്ച നടപടിയും ഇതു സംബന്ധിച്ച ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പുനഃപരിശോധനാ റിപ്പോർട്ടും ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ ലഭ്യമാക്കിയ മറുപടി

2.16.2 പ്രാദേശിക പരിശോധന നടത്തി തുകകളുടെ അടവുകൾ ബോധ്യപ്പെട്ടിട്ടുള്ളതിനാൽ പരാമർശം ഒഴിവാക്കാവുന്നതാണെന്ന് ശിപാർശ ചെയ്തുകൊള്ളുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.16.3 പഞ്ചായത്തിന് നഷ്ടം സംഭവിച്ച തുക പലിശയടക്കം 35,782 രൂപ കരാറുകാരനായ ശ്രീ. പി. ജെ. തോമസ്, ഇടമൺ എന്നയാളിൽ നിന്നും 20-6-2002-ലെ 27307/53, 27307/54, 27307/55 നമ്പർ രസീതുകൾ പ്രകാരം ഈടാക്കിയിട്ടുണ്ട്.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

2.16.4 പഞ്ചായത്തിന് നഷ്ടം സംഭവിച്ച 35,782 രൂപ കരാറുകാരനായ ശ്രീ. പി. ജെ. തോമസിൽ നിന്ന് താഴെ പറയും പ്രകാരം ഈടാക്കിയിട്ടുണ്ട്:

| രസീത് നമ്പർ/തീയതി | തുക(രൂപ) |
|---|---|
| 27307/53/20-6-2002 | 9,653 |
| 27307/54/20-6-2002 | 9,198 |
| 27307/55/20-6-2002 | 16,931 |
| ആകെ | 35,782 |

ഖണ്ഡിക 98

ശിപാർശ

2.17.1 ഓഡിറ്റ് പരാമർശത്തിന്റെ ഇപ്പോഴത്തെയവസ്ഥ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.17.2 സാങ്കേതിക അനുമതിയിൽ അധികരിച്ച് ചെലവഴിച്ച തുകയ്ക്ക് സർക്കാരിന്റെ അനുമതി വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിരുന്നുവെങ്കിലും നാളിതുവരെ ലഭ്യമാക്കിയിട്ടില്ലെന്നറിയിക്കുന്നു. അക്കൗണ്ടന്റ് ജനറലിന്റെ 10-4-2003-ലെ ജി. പി. ഒ. നമ്പർ പി. 01/ബിബി/ജി/27694004/92 ഗ്രാറ്റുവിറ്റി പേയ്മെന്റ് ഓർഡർ പ്രകാരം തുക 82,301 രൂപ പഞ്ചായത്തിന്റെ പി. ഡി. അക്കൗണ്ടിൽ ഒടുക്കുന്നതിനായി കുറവുവരുത്തുവാൻ ഉത്തരവായിട്ടുണ്ട്. എന്നാൽ തുക പഞ്ചായത്ത് ഫണ്ടിൽ വരവുവന്നിട്ടില്ല.

<u>സമിതി ആരാഞ്ഞ അധികവിവരം</u>

2.17.3 ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട വിഷയം വിശദമായി പരിശോധിച്ച് തുക പഞ്ചായത്തു ഫണ്ടിൽ വരവുവന്നിട്ടുണ്ടോയെന്ന് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുക.

<u>സമിതി ആരാഞ്ഞ അധികവിവരത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി</u>

2.17.4 ഓഡിറ്റിൽ നിരാകരിച്ചിട്ടുള്ള 6,000 രൂപ സെക്രട്ടറിയായിരുന്ന ശ്രീ. സൈനുദ്ദീൻ റാവുത്തറുടെ ഡി. സി. ആർ. ജി.യിൽ നിന്നും ഈടാക്കിയിട്ടുണ്ട്.

<u>ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്</u>

2.17.5 കേരളോത്സവത്തിന് വേണ്ടി അധികം ചെലവഴിച്ച 6,000 രൂപ സെക്രട്ടറി ശ്രീ. റ്റി. എം. സൈനുദ്ദീൻ റാവുത്തറുടെ ഗ്രാറ്റുവിറ്റിയിൽ നിന്നും റിക്കവറി നടത്തിയിട്ടുള്ള 82,301 രൂപയിൽ ഉൾപ്പെടുന്നു. ടി തുക 24-5-2003-ലെ ചെലാൻ നമ്പർ 518 പ്രകാരം പഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കിയിട്ടുണ്ട്.

<u>ഖണ്ഡിക 106</u>

<u>ശിപാർശ</u>

2.18.1 ഓഡിറ്റ് പരാമർശം സംബന്ധിച്ച പുനഃപരിശോധനാ റിപ്പോർട്ടിലും ട്രാക്ടറും ട്രെയിലറും ഉപയോഗപ്രദമായ രീതിയിൽ വിനിയോഗിക്കുവാൻ സംവിധാനം ഏർപ്പെടുത്തിയിട്ടില്ലെന്നാണ് അറിയിച്ചിട്ടുള്ളത്. വ്യക്തമായ സമിതി നിർദ്ദേശമുണ്ടായിട്ടും തുടർനടപടി സ്വീകരിക്കാത്തതിനാൽ പഞ്ചായത്ത് അധികൃതരുടെ അലംഭാവമാണതിൽ വ്യക്തമാവുന്നത്. ആയതിനാൽ ട്രാക്ടറും ട്രെയിലറും ഉപയോഗപ്രദമായ രീതിയിൽ വിനിയോഗിക്കുന്നതിന് അടിയന്തരമായി നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.18.2 ഇതു സംബന്ധിച്ച് കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അന്വേഷണം നടത്തിയിരുന്നു. ബന്ധപ്പെട്ട ട്രാക്ടറും ട്രെയിലറും ഇപ്പോൾ ചപ്പുചവറുകൾ നീക്കംചെയ്യുന്നതിന് പൂർണ്ണമായും ഉപയോഗിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടില്ല എന്ന് റിപ്പോർട്ട് ചെയ്യുന്നു.

<u>ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്</u>

2.18.3 ട്രാക്ടറും ട്രെയിലറും ഇപ്പോൾ ചപ്പുചവറുകൾ നീക്കംചെയ്യുന്നതിന് പൂർണ്ണമായും ഉപയോഗിക്കുന്നില്ല എന്ന് പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടു. ട്രാക്ടറും ട്രെയിലറും ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയിൽ അഞ്ചൽ മാർക്കറ്റിനുള്ളിലെ ഷെഡ്ഡിൽ സൂക്ഷിച്ചിരിക്കുന്നത് നേരിൽക്കണ്ട് ബോധ്യപ്പെട്ടു. നിലവിൽ ഇവ ഉപയോഗിക്കുന്നില്ലെന്ന് സൂപ്രണ്ട് മറുപടി നൽകുകയും ചെയ്തിട്ടുണ്ട്.

<u>ഖണ്ഡിക 107</u>

<u>ശിപാർശ</u>

2.19.1 പദ്ധതികൾ വിഭാവനം ചെയ്യുമ്പോൾ പ്രായോഗികതലത്തിലുണ്ടാകാവുന്ന ബുദ്ധിമുട്ടുകൾകൂടി മുൻകൂട്ടി കാണാത്തതുമൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിക്കുന്നതിനുള്ള ഉദാഹരണമാണ് ഈ പദ്ധതി എന്നും ഇതിനുത്തരവാദിയായവർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.19.2 പരാമർശത്തിന് ഉത്തരവാദി നിലവിൽ കടയ്ക്കലിൽ കൃഷി ഓഫീസറായി ജോലി ചെയ്തുവരുന്ന കൃഷി ഓഫീസർ ശ്രീമതി സിന്ധുഭാസ്കരനാണ് എന്ന് കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടിയാൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് കൃഷി വകുപ്പ് ഡയറക്ടറോട് അഭ്യർത്ഥിച്ചിരുന്നു. ആയതിന്മേൽ കൊല്ലം പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർ നടത്തിയ അന്വേഷണത്തിൽ "ജൈവവളം നിർമ്മാണവും വിതരണവും" പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് കടയ്ക്കൽ കൃഷി ഓഫീസർ സ്വീകരിച്ചിട്ടുള്ള നടപടിയിൽ അപാകതകൾ കാണുന്നില്ലായെന്നും സ്ഥലവാസികളുടെ എതിർപ്പുമൂലമാണ് പഞ്ചായത്ത് നിശ്ചയിച്ച സ്ഥലത്ത് ടി പദ്ധതിയുടെ പ്രവർത്തനം നടക്കാതെ പോയത് എന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു. ആയതിനാൽ മേൽ വസ്തുതകൾ പരിശോധിച്ച് കൃഷി ഓഫീസറുടെ വിശദീകരണം സ്വീകരിച്ച് അനന്തരനടപടികളിൽ നിന്നും ഒഴിവാക്കണമെന്ന് കൃഷി ഡയറക്ടർ ശിപാർശ ചെയ്തിരിക്കുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

2.19.3 പ്രദേശവാസികളുടെ എതിർപ്പുകാരണം മാലിന്യ സംസ്കരണത്തിനായി വാങ്ങിയ ഭൂമിയിൽ മാലിന്യം നിക്ഷേപിക്കാൻ കഴിഞ്ഞില്ല. തുടർന്ന് 11-11-2003-ലെ 53309/എൽ.എസ്.ജി.ഡി. കത്തുപ്രകാരം സർക്കാർ ഈ പദ്ധതി തടയുകയും ചെയ്തു. ആയതിനാൽ കൃഷി ഓഫീസറെ തുടർനടപടികളിൽനിന്ന് ഒഴിവാക്കാവുന്നതാണ്.

ഖണ്ഡിക 117

ശിപാർശ

2.20.1 സർക്കാർ ഉത്തരവുപ്രകാരം ഓഡിറ്റ് തടസ്സം ഒഴിവാക്കിയതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ മറുപടി

2.20.2 സമിതിയുടെ ഒൻപതാമത് റിപ്പോർട്ടിലെ ഖണ്ഡിക 117-ലെ നിർദ്ദേശാനുസരണം ടി ഖണ്ഡികയിലെ വിഷയത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുണ്ട്.

ഖണ്ഡിക 120, 121

ശിപാർശകൾ

2.21.1 പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയത് ഇതുവരെയും നടപ്പാക്കപ്പെട്ടില്ലെന്നാണ് സമിതി മനസ്സിലാക്കുന്നത്. ആയതിനാൽ പ്രസ്തുത രേഖകൾ അടിയന്തരമായി ലഭ്യമാക്കി ഓഡിറ്റ് പരാമർശത്തിന്റെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

2.21.2 സമിതി നിർദ്ദേശ പ്രകാരം തുടർനടപടി സ്വീകരിക്കുവാൻ കാലതാമസം വരുത്തിയത് സംബന്ധിച്ച് അന്നത്തെ മേലില ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ജി. മോഹനൻപിള്ളയിൽ നിന്നും വിശദീകരണം ആവശ്യപ്പെടുവാനും ഇതു സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.21.3 ഓഡിറ്റ് റിപ്പോർട്ടിന് നിയമാനുസൃത മറുപടി നാളിതുവരെയും സമർപ്പിച്ചിട്ടില്ല. ഈ ഓഫീസിൽ നിന്നും 29-12-2006-ൽ പുറപ്പെടുവിച്ച ഫർദർ റിപ്പോർട്ട് പ്രകാരം ഖണ്ഡിക 48-ൽ തുക ഈടാക്കുന്നതിന് ഭരണവകുപ്പിനെ ചുമതലപ്പെടുത്തിയിരുന്നു. ബന്ധപ്പെട്ട കമ്മിറ്റി അംഗങ്ങളുടെയും സെക്രട്ടറിയുടെയും വിശദമായ വിശദീകരണ

കത്തുകളുടെ പകർപ്പുകൾ ഇപ്പോൾ കൊല്ലം ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ ലഭ്യമാക്കിയിട്ടുള്ളതാകുന്നു. ഓഡിറ്റ് റിപ്പോർട്ടിനുള്ള മറുപടി ലഭിക്കുന്നതനുസരിച്ച് ഇപ്പോൾ നൽകിയിട്ടുള്ള വിശദീകരണങ്ങളുടെ അടിസ്ഥാനത്തിൽ തടസ്സം ഒഴിവാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണെന്ന് റിപ്പോർട്ട് ചെയ്യുകൊള്ളുന്നു.

<u>സമിതി ആരാഞ്ഞ അധികവിവരം</u>

2.21.4 പ്രസ്തുത ശിപാർശയിന്മേലുള്ള അന്തിമ റിപ്പോർട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കുക.

<u>സമിതി ആരാഞ്ഞ അധികവിവരത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി</u>

2.21.5 (120) ടി വിഷയം സംബന്ധിച്ച് കൊല്ലം ഡി.സി.പി. അന്വേഷണം നടത്തിയിരുന്നു. ലക്ഷം വീട് കോളനിയിൽ താമസിച്ചിരുന്ന ശ്രീ. തങ്കപ്പന്റെ വീട് കാലപ്പഴക്കത്തിലും സമയബന്ധിതമായി അറ്റകുറ്റപ്പണി ചെയ്യാത്തതിനാലും പൂർണ്ണമായും വാസയോഗ്യമല്ലാത്ത അവസ്ഥയിലായിരുന്നു. എന്നാൽ അജ്ഞതമൂലം ടിയാൻ ടി വീടിന്റെ വൈദ്യുതിബന്ധം വിച്ഛേദിച്ചിരുന്നില്ല. മാനദണ്ഡങ്ങൾക്ക് അനുസൃതമായിട്ടാണ് 1998-99-ലെ ഗ്രാമസഭ ടിയാനെ അഞ്ചാമത്തെ ഗുണഭോക്താവായി തെരഞ്ഞെടുത്തിട്ടുള്ളത്. ടി തെരഞ്ഞെടുപ്പ് 26-2-1999-ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റി XIII-ാം നമ്പറായി അംഗീകരിച്ചിട്ടുമുണ്ട്. ടി സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു. സമിതിയുടെ നിർദ്ദേശപ്രകാരം മേലില ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. മോഹനൻപിള്ള 4-9-2007-ൽ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി മുമ്പാകെ വിശദീകരണം ലഭ്യമാക്കിയിട്ടുണ്ട്.

<u>സമിതി ആരാഞ്ഞ അധികവിവരത്തിന് ലോക്കൽ ഫണ്ട് ഓഡിറ്റ് ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്</u>

2.21.6 ശ്രീ. തങ്കപ്പൻ, ലക്ഷം വീട് കോളനി, ചേത്തടി എന്നയാൾക്ക് നിലവിലുണ്ടായിരുന്ന വീട് വാസയോഗ്യമല്ലായിരുന്നു എന്ന വിശദീകരണത്തിന് ആധാരമായ രേഖകളൊന്നും പ്രാദേശിക പരിശോധനാസമയത്ത് ഹാജരാക്കിയില്ല. വീട് വാസയോഗ്യമല്ലായിരുന്നു എന്ന് നേരിട്ട് നടത്തിയ പരിശോധനയിൽ ബോധ്യമായി എന്ന് സെക്രട്ടറി ശ്രീ. മോഹനൻപിള്ളയുടെ വിശദീകരണത്തിൽ പറയുന്നുണ്ടെങ്കിലും ടിയാന്റെ റിപ്പോർട്ട് ഫയലിൽ ഇല്ല. എന്നാൽ അസ്സെസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിലവിലുണ്ടായിരുന്ന ലക്ഷം വീട് 1993-94-ന് മുമ്പ് അനുവദിച്ചതാണെന്ന് വ്യക്തമായി. ടി വീടിന് 15 വർഷത്തോളം പഴക്കമുണ്ടെന്ന് അസ്സെസ്മെന്റ് രജിസ്റ്ററിൽനിന്ന് വ്യക്തമായതിനാൽ ടി വീട് കാലപ്പഴക്കംകൊണ്ട് വാസയോഗ്യമല്ലായിരുന്നു എന്ന സെക്രട്ടറിയുടെ വിശദീകരണം പരിഗണിക്കാവുന്നതാണ്.

ഖണ്ഡിക 133

ശിപാർശ

2.22.1 ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികളും ഇപ്പോഴത്തെ അവസ്ഥയും സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.22.2 പോരുവഴി ഗ്രാമപഞ്ചായത്തിൽ 1997-98 വർഷം ജനകീയാസൂത്രണ പദ്ധതി പ്രകാരം നടപ്പിലാക്കിയ പട്ടികജാതി വനിതകൾക്ക് ആട്ടുവിതരണം പദ്ധതി ചട്ടപ്രകാരം ബ്ലോക്കുതല വികസന സമിതി അംഗീകരിച്ചതും ആയതിന്റെ നിർവ്വഹണോദ്യോഗസ്ഥയായി അന്നത്തെ സെക്രട്ടറിയെ പഞ്ചായത്തിന്റെ 10-12-1997-ലെ 3 (ബി) തീരുമാനപ്രകാരം ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. പദ്ധതി നടപ്പാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥന്റെ സഹായവും പഞ്ചായത്ത് അഭ്യർത്ഥിച്ചിരുന്നു. ടി തീയതിയിലെ 8-ാം നമ്പർ തീരുമാനപ്രകാരം ഗ്രാമസഭകൾ അംഗീകരിച്ച ഗുണഭോക്താക്കൾക്കു മാത്രമാണ് ആട്ടുവിതരണം നടത്തിയിട്ടുള്ളത്. ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കിയ വേളയിൽ ഇവരുടെ ജാതി, മറ്റു യോഗ്യതകൾ എല്ലാംതന്നെ സമിതി കൃത്യമായി പരിശോധിച്ചിട്ടുള്ളതും ആയത് നിരാക്ഷേപമായിട്ടുള്ളതുമാണ്. ഗുണഭോക്താക്കളുടെ റേഷൻ കാർഡിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തിയിരുന്നു. ആടുകളുടെ ഗുണമേന്മ, രോഗപ്രതിരോധശേഷി എന്നിവ സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റിയുടെ 10-12-1997-ലെ 3 (ബി) നിർദ്ദേശ പ്രകാരം വെറ്ററിനറി സർജൻ പരിശോധിച്ചിട്ടുള്ളതും യാതൊരു ആക്ഷേപവും അറിയിച്ചിട്ടില്ലാത്തതുമാണ്. പഞ്ചായത്ത് കമ്മിറ്റി നടത്തിയ വിശദമായ അന്വേഷണത്തിൽ പദ്ധതി പ്രകാരം വാങ്ങി നൽകിയ ഒരാടുപോലും ചത്തുപോയതായി ഒരു ഗുണഭോക്താവുപോലും പരാതിപ്പെട്ടിട്ടില്ല എന്ന് കാണുന്നു. ആസ്തികൾ ഇൻഷ്വർ ചെയ്യാതിരുന്നതിനാൽ ആർക്കും ഒരു നഷ്ടവും ഉണ്ടായിട്ടില്ലെന്നും ഫലത്തിൽ പഞ്ചായത്തിന് ലാഭം ഉണ്ടായിട്ടുള്ളതുമാണ്.സുതാര്യവും നൂറ് ശതമാനം ഫലപ്രാപ്തിയോടും നടപ്പിലാക്കിയ പദ്ധതിയുടെ ആദ്യവർഷം പരിചയക്കുറവുമൂലമുണ്ടായ അപാകതയല്ലാതെ യാതൊരു വിധത്തിലുമുള്ള സാമ്പത്തിക നഷ്ടവും ഉണ്ടായിട്ടില്ല എന്ന വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

2.22.3 ഗുണഭോക്താക്കൾ പട്ടികജാതി വിഭാഗക്കാരാണെന്ന് വ്യക്തമാക്കുന്ന പോരുവഴി വില്ലേജ് ഓഫീസറുടെ 16-1-2009-ലെ 07/09 നമ്പർ കത്ത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

2.22.4 പരിചയക്കുറവുമൂലമുണ്ടായ അപാകതയല്ലാതെ ഗ്രാമപഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ലെന്നും ആയതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും 4-9-2007-ൽ 4-ാം നമ്പരായി പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട്. ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികളും ഇപ്പോഴത്തെ അവസ്ഥയും സംബന്ധിച്ച് ബഹു. നിയമസഭാസമിതിക്ക് സെക്രട്ടറി വിശദീകരണം നൽകിയിട്ടുണ്ട്. ആട്ടുകളുടെ വിതരണ വിവരം സംബന്ധിച്ച രേഖപ്പെടുത്തലുകൾ വരുത്തിയ റേഷൻ കാർഡുകൾ പ്രാദേശിക പരിശോധനവേളയിലും ഹാജരാക്കിയില്ല.

## ഖണ്ഡിക 134

### ശിപാർശ

2.23.1 ഓഡിറ്റ് പരാമർശങ്ങളുമായി ബന്ധപ്പെട്ട് തുടർനടപടി സ്വീകരിക്കുവാൻ സമിതി നിർദ്ദേശിച്ചിരുന്നെങ്കിലും ഉത്തരവാദപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറി തുടർനടപടി സ്വീകരിച്ചതായി കാണുന്നില്ല. ആയതിനാൽ അന്നത്തെ പോരുവഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ജി. രാധാകൃഷ്ണനെതിരെ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

2.23.2 പരാമർശത്തിന് ഉത്തരവാദിയായ നിലവിൽ തൊടിയൂർ ഗ്രാമപഞ്ചായത്ത് ജൂനിയർ സൂപ്രണ്ടായി ജോലി നോക്കുന്ന ശ്രീ. ജി. രാധാകൃഷ്ണനെതിരെ അച്ചടക്കനടപടി സ്വീകരിച്ചുവരുന്നതിന്റെ ഭാഗമായി 1-12-2007 D7 28031/07 (4) നമ്പരായി കുറ്റപത്രം നൽകിയിട്ടുണ്ട്.

### ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

2.23.3 ബഹു. സമിതിയുടെ ശിപാർശ പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. ജി. രാധാകൃഷ്ണന് 1-12-2007-ൽ സി7/28031/07 (4) നമ്പരായി കുറ്റാരോപണ മെമ്മോ നൽകി. ടിയാൻ നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടർ നടപടിയിൽനിന്ന് ഒഴിവാക്കി. പരാമർശത്തിന് ഉത്തരവാദി അന്നത്തെ സെക്രട്ടറി ശ്രീമതി കെ. വൈ. സൂസന്നാമ്മ ആയിരുന്നു. ശ്രീമതി സൂസന്നാമ്മയുടെ 18-9-2004-ന് നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ ഭരണവകുപ്പിനോട് അഭ്യർത്ഥിക്കുന്നതിന് 24-9-2004-ൽ III(12)-ാം നമ്പരായി പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചു. അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീ. ജി. രാധാകൃഷ്ണൻ 4-12-2004-ൽ കമ്മിറ്റിയുടെ അഭ്യർത്ഥന പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് അയച്ചുകൊടുക്കുകയും ചെയ്തു. ആയതിനാൽ 16-10-2003-ൽ

എൽ.എഫ്.ക്യൂ.പി.ജി. 350/01 നമ്പരായി ലോക്കൽ ഫണ്ട് ഓഡിറ്റ് കൊല്ലം ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ പുറപ്പെടുവിച്ച ഫർദർ റിപ്പോർട്ടിൽ ഓഡിറ്റ് പരാമർശത്തിന്മേലുള്ള തുടർനടപടികൾ ഭരണ വകുപ്പിന് വിടാവുന്നതാണെന്ന് വ്യക്തമാക്കിയിരുന്നു. ആയതിനാൽ ശ്രീ. രാധാകൃഷ്ണൻ സ്വീകരിച്ച നടപടികളിൽ അപാകതയില്ലെന്ന് കാണാവുന്നതാണ്. സഭാസമിതിയുടെ നിർദ്ദേശപ്രകാരം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെയും സമർപ്പിച്ച രേഖകളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണ്.

ഖണ്ഡിക 145

ശിപാർശ

2.24.1 സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ നടത്തിയ പുനഃപരിശോധനയിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന് അറിയിച്ച സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ മറുപടി

2.24.2 സമിതിയുടെ 9-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 145-ലെ നിർദ്ദേശാനുസരണം ടി ഖണ്ഡികയിലെ വിഷയത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുണ്ട്.

ഖണ്ഡിക 157

ശിപാർശ

2.25.1 സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് വകുപ്പ് നൽകിയ പുനഃപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ മറുപടി

2.25.2 സമിതിയുടെ 9-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 157-ലെ നിർദ്ദേശാനുസരണം ടി ഖണ്ഡികയിലെ വിഷയത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുണ്ട്.

ഖണ്ഡിക 164

ശിപാർശ

2.26.1 സമിതി നിദ്ദേശപ്രകാരം എൽ.എഫ്.എ. ലഭ്യമാക്കിയ പുനഃപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ മറുപടി

2.26.2 സമിതിയുടെ 9-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 164-ലെ നിർദ്ദേശാനുസരണം ടി ഖണ്ഡികയിലെ വിഷയത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുണ്ട്.

ഖണ്ഡിക 169

ശിപാർശ

2.27.1 ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ മറുപടി

2.27.2 സമിതിയുടെ 9-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 169-ലെ നിർദ്ദേശാനുസരണം ടി ഖണ്ഡികയിലെ വിഷയത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുണ്ട്.

ഖണ്ഡിക 174

ശിപാർശ

2.28.1 സമിതി നിർദ്ദേശപ്രകാരം ബന്ധപ്പെട്ട എൽ.എഫ്.എ. ഡെപ്യൂട്ടി ഡയറക്ടർ ലഭ്യമാക്കിയ പുനഃപരിശോധനാ റിപ്പോർട്ടിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന് അറിയിച്ചിട്ടുള്ളത് സമിതി അംഗീകരിക്കുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ മറുപടി

2.28.2 സമിതിയുടെ 9-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 174-ലെ നിർദ്ദേശാനുസരണം ടി ഖണ്ഡികയിലെ വിഷയത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുണ്ട്.

ഖണ്ഡിക 180

ശിപാർശ

2.29.1 ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ പുനഃപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ മറുപടി

2.29.2 സമിതിയുടെ 9-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 180-ലെ നിർദ്ദേശാനുസരണം ടി ഖണ്ഡികയിലെ വിഷയത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുണ്ട്.

ഖണ്ഡിക 187

ശിപാർശ

2.30.1 ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ മറുപടി

2.30.2 സമിതിയുടെ 9-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 187-ലെ നിർദ്ദേശാനുസരണം ടി ഖണ്ഡികയിലെ വിഷയത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുണ്ട്.

വർക്കല കഹാർ,
*അദ്ധ്യക്ഷൻ ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2016 ഫെബ്രുവരി 24.

അനുബന്ധം

## പ്രധാനപ്പെട്ട നിഗമനങ്ങൾ/തുടർശിപാർശകൾ

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട വകുപ്പ് | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 1.1.11 | തദ്ദേശ സ്വയംഭരണം | സമിതി റിപ്പോർട്ടിലെ ശിപാർശകൾക്ക് സർക്കാർ നല്കിയ മറുപടിയിൽ പരാമർശവിധേയമായ സംഗതികളിന്മേൽ വിജിലൻസ് അന്വേഷണം നിലനിൽക്കുന്നുണ്ടോ ഇല്ലയോ എന്ന് വ്യക്തമാകുന്നില്ല എന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ, ഇക്കാര്യത്തിൽ വിജിലൻസ് കേസ് നിലവിലുണ്ടോ എന്ന് പരിശോധിച്ച് കേസ് നിലവിലുണ്ടെങ്കിൽ അന്വേഷണം പൂർത്തിയാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുവാനും അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ മേൽനടപടി സ്വീകരിച്ച് റിപ്പോർട്ട് നല്കുവാനും സമിതി ശിപാർശ ചെയ്യുന്നു. |
| 2 | 1.2.4 | ,, | പ്ലാൻ ഫണ്ടിൽ നിന്നും പിൻവലിച്ച തുക തിരിച്ചടച്ചതു സംബന്ധിച്ച രേഖകൾ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 3 | 1.3.4 | ,, | കാർഷിക പദ്ധതിയുടെ നിർവ്വഹണോദ്യോഗസ്ഥൻ കൃഷി ഓഫീസറായിരിക്കേ പദ്ധതി നിർവ്വഹണം നടത്തിയത് പഞ്ചായത്ത് സെക്രട്ടറിയായിരുന്നുവെന്നും നിർവ്വഹണോദ്യോഗസ്ഥനെ മാറ്റിയതിന് അംഗീകാരം നല്കിയ ജില്ലാ ആസൂത്രണ സമിതിയുടെ ഉത്തരവ് ഓഡിറ്റിന് സമർപ്പിച്ചിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | പഞ്ചായത്ത് സെക്രട്ടറി പദ്ധതി നിർവ്വഹണം നടത്തിയത് നിയമപരമായിട്ടല്ലെന്ന് അഭിപ്രായപ്പെടുകയും മേലിൽ ഇത് ആവർത്തിക്കാതിരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു. |
| 4 | 1.4.10 | തദ്ദേശ സ്വയംഭരണം | പ്രസ്തുത ബെണ്ടികളിൽ ശിപാർശപ്രകാരം ഈടാക്കുവാൻ അവശേഷിക്കുന്ന തുക കൂടി ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 5 | 1.5.13 | ,, | പ്രവൃത്തികളുമായി ബന്ധപ്പെട്ട പഞ്ചായത്ത് കമ്മിറ്റി തീരുമാനവും പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച രേഖകളും ഓഡിറ്റിന് ഹാജരാക്കി ബോദ്ധ്യപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 6 | 1.6.4 | ,, | കെട്ടിട നികുതി പൂർണ്ണമായും അടയ്ക്കുന്നതിനുമുമ്പ് നികുതി കുറവുചെയ്തു കൊടുത്തതിന്റെ വിശദീകരണം ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു. |
| 7 | 1.7.5 | ,, | നികുതികൾ സമയബന്ധിതമായി പിരിച്ചെടുക്കാതെ വർഷങ്ങൾക്കുശേഷം നികുതി എഴുതിത്തള്ളിയ നടപടി നിയമാനുസൃതമല്ലെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ നഷ്ടത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നിയമനടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
| --- | --- | --- | --- |
| 8 | 1.8.4 | തദ്ദേശ സ്വയംഭരണം | പരാമർശവിധേയമായ മെതിയന്ത്രവുമായി ബന്ധപ്പെട്ട ഫയലും രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ലെന്നും ആയതിനാൽ മെതിയന്ത്രം പാടശേഖര സമിതിക്ക് കൈമാറിയോ എന്ന് വ്യക്തമല്ലെന്നും സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ പ്രസ്തുത ഫയലും രേഖകളും ഓഡിറ്റിന് ഹാജരാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 9 | 1.9.4 | ,, | സെക്രട്ടറിക്കെതിരെ അച്ചടക്കനടപടിയെടുക്കുമെന്ന് സമിതിക്ക് നൽകിയ ഉറപ്പ് നടപ്പിലാക്കുന്നതിനായി സ്വീകരിച്ച നടപടിയുടെ വിശദവിവരം ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 10 | 1.10.5 | ,, | പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് പഞ്ചായത്തിന് ലഭിക്കേണ്ട തുക ഹൗസിംഗ് ബോർഡിൽ നിന്നും ഈടാക്കുവാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 11 | 1.11.5 | ,, | കുണ്ടറ ഗ്രാമപഞ്ചായത്തിൽ ഇൻലാന്റ് ഫിഷ് മാർക്കറ്റിംഗ് സെന്റർ സ്ഥാപിക്കുന്നതിന് തീരുമാനിച്ച സ്ഥലത്തെ 3 അനധികൃത താമസക്കാരെ പുനരധിവസിപ്പിക്കുന്നതിനായി 1,05,000 രൂപ ചെലവഴിച്ചത് ക്രമവിരുദ്ധവും പാഴ്ച്ചെലവാണെന്നതുമായിരുന്നു പരാമർശ വിധേയമായ വിഷയം. പ്രസ്തുത ഓഡിറ്റ് ഖണ്ഡിക പരിഗണിച്ചവേളയിൽ ഫിഷ് മാർക്കറ്റിംഗ് സെന്ററിന്റെ പ്രവർത്തനം സംബന്ധിച്ച ചർച്ചയുണ്ടാകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഫിഷ് മാർക്കറ്റിംഗ് സെന്ററിന്റെ നിർമ്മാണ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | പ്രവൃത്തിയുമായി ബന്ധപ്പെട്ട ശിപാർശ ഉൾപ്പെടുത്തുകയും ചെയ്തതാണെന്ന് സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത വിഷയം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-06-ലെ സമാഹൃത റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക 2.7.1-ൽ പരാമർശവിധേയമായിട്ടുള്ളതും ആയത് 27-12-2012-ലെ സമിതിയോഗം പരിഗണിച്ച് നിലവിലെ സ്ഥിതി ആരാഞ്ഞിട്ടുള്ളതും മേൽനടപടികൾ ആവശ്യപ്പെട്ടിട്ടുള്ളതുമാണെന്ന് സമിതിക്ക് ബോദ്ധ്യപ്പെടുന്നു. ഫയൽ നമ്പർ 5898/എൽ.എഫ്.എ.സി.എ 1/12/നി.സെ.-യിൽ പ്രസ്തുത നടപടി തുടരാവുന്നതാണെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 12 | 1.11.6 | തദ്ദേശ സ്വയംഭരണം | സമിതിയുടെ റിപ്പോർട്ടിലെ 137-ാം ഖണ്ഡികയിലെ ശിപാർശയ്ക്കാധാരമായ മേൽപരാമർശിച്ച 1,05,000 രൂപ ചെലവഴിച്ചത് സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികയിന്മേലുള്ള സർച്ചാർജ് നടപടി സർക്കാരിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അവസാനിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത തുക സംബന്ധിച്ച ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 13 | 1.12.5 | ,, | അഡ്വാൻസ് തുക മുഴുവൻ നൽകിയ നടപടി മേലിൽ ആവർത്തിക്കരുതെന്ന നിർദ്ദേശത്തോടെ തുടർനടപടി അവസാനിപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 14 | 1.13.4 | തദ്ദേശ സ്വയംഭരണം | സമിതിയുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയതായി സർക്കാർ മറുപടിയിൽ പറയുന്നുണ്ടെങ്കിലും ആയതു സംബന്ധിച്ച യാതൊരു രേഖയും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. സമിതി കാലാകാലങ്ങളിൽ നല്കുന്ന നിർദ്ദേശങ്ങൾ താഴെത്തട്ടുകളിലേക്ക് നൽകാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും സമിതി നിർദ്ദേശം നടപ്പിലാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു. |
| 15 | 1.14.4 | ,, | സമിതിയുടെ ശിപാർശയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ഡി.ഡി.പി./എ.ഡി.പി. പഞ്ചായത്ത് സെക്രട്ടറി എന്നിവർക്ക് നിർദ്ദേശം നൽകിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.